**സബ്മിഷൻ**

## നീര യൂണിറ്റുകൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, സംസ്ഥാനത്ത് നാളികേരത്തിൽനിന്ന് നീര വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ പത്ത് ജില്ലകളിൽ നീര യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 2013-14 വർഷത്തെ ബഡ്ജറ്റിൽ 15 കോടി രൂപ നീക്കി വച്ചു. തുടർന്ന് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷനും പ്രൊഡ്യൂസർ കമ്പനികളും നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 05-03-2014-ലെ മന്ത്രിസഭാ യോഗം ഈ രംഗത്ത് പ്രവർത്തിക്കുന്ന നാളികേര ഉൽപ്പാദക കമ്പനികൾക്ക് ധനസഹായം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിനുകീഴിൽ രജിസ്റ്റർ ചെയ്ത 12 കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ കമ്പനികൾ ദിനംപ്രതി പതിനായിരം ലിറ്റർ നീര വീതം ഉൽപ്പാദിപ്പിക്കുന്നതിന് ശേഷിയുള്ളവയാണ്. 45 മുതൽ 50 കോടി രൂപ വരെയാണ് ഈ കമ്പനികളുടെ ആകെ മൂലധനം. ഒരു പ്ലാന്റിൽ 2165 ടെക്നീഷ്യൻമാർ

എന്ന കണക്കിൽ ആകെ 26000 നീര ടെക്നീഷ്യൻമാർക്ക് ഇതുവഴി ജോലി ലഭിക്കുന്നതാണ്. ഈ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനുവേണ്ടിയാണ് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുള്ളത്. എന്നാൽ കൃഷി വകുപ്പ് ഈ കമ്പനികൾക്ക് ധനസഹായം നൽകുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നുമാത്രമല്ല 25 വർഷം മുമ്പ് പൂട്ടിപ്പോയ കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ പുനരുജ്ജീവിപ്പിച്ച് അതിലൂടെ ഈ തുക ചെലവാക്കുന്ന നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇത് അങ്ങേയറ്റം തെറ്റായ നടപടിയാണ്. കേരളത്തിന്റെ തനത് ഉൽപ്പന്നമായ നാളികേരത്തിന്റെ വികസനത്തിനുവേണ്ടി കൊണ്ടുവന്ന ഈ പദ്ധതി അട്ടിമറിക്കാനുള്ള കൃഷി വകുപ്പിന്റെ നടപടി ഉടൻ അവസാനിപ്പിക്കണമെന്നും നിലവിലുള്ള നീര ഉല്പാദക കമ്പനിക്ക് ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക ധനസഹായമായി നൽകണമെന്നും ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, നാളികേര മേഖലയിലെ ഏറ്റവും വലിയ മൂല്യവർദ്ധിത പദ്ധതിയാണ് നീര ഉൽപ്പാദനം. തെങ്ങിൽനിന്ന് നീര ഉൽപ്പാദിപ്പിക്കാൻ

കഴിഞ്ഞാൽ കേര കർഷകർക്ക് കൂടുതൽ വരുമാനവും ചെത്തുതൊഴിലാളികൾക്ക് കൂടുതൽ ജോലി സാധ്യതയും ഉറപ്പുവരുത്താൻ കഴിയും. കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന നീര ശേഖരിച്ച് പാനീയമാക്കി വിപണനം ചെയ്യുന്നതിന് പുത്തൻ സാങ്കേതികവിദ്യ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിരുന്നു. അത് പ്രയോജനപ്പെടുത്തി തെങ്ങിൽനിന്ന് നീര വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ പത്ത് ജില്ലകളിൽ നീര യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 15 കോടി രൂപ 2013-14 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതിന് തുക അനുവദിക്കുകയുണ്ടായില്ല. തുടർന്ന് 2013-14- ലെ ഉപധനാഭ്യർത്ഥനയിലൂടെ 45,00,000 രൂപ കണ്ടെത്തുകയും നീര ഉൽപ്പാദനത്തിന് ഭരണാനുമതി ലഭിച്ച കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിക്കുകയുമുണ്ടായി. 2014-15 സാമ്പത്തിക വർഷത്തിലും ഉപധനാഭ്യർത്ഥനയിലൂടെ 85 ലക്ഷം രൂപ കണ്ടെത്തുകയും നീര ഉൽപ്പാദനത്തിനായി കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറുകയും ചെയ്തു. സർവ്വകലാശാലയ്ക്ക് കാസർഗോഡ് നീലേശ്വരത്തും തൃശ്ശൂർ വെള്ളാനിക്കരയിലും തിരുവനന്തപുരത്ത് വെള്ളായണിയിലുമായി പ്രതിദിനം 1000 ലിറ്റർ

ഉൽപ്പാദനശേഷിയുള്ള മൂന്ന് നീര യൂണിറ്റുകൾ ആരംഭിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ നീലേശ്വരത്തെ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ യൂണിറ്റിൽനിന്ന് 200 ലിറ്റർ നീര ദിനംപ്രതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇതുകൂടാതെ പ്രധാനമായും നീര ഉൽപ്പാദത്തിനായി കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ കോഴിക്കോട് എലത്തൂരിൽ പ്രതിദിനം 300 ലിറ്റർ ഉൽപ്പാദനശേഷിയുള്ള നീര പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. കൂടാതെ കോഴിക്കോട് എലത്തൂരിൽത്തന്നെ പ്രതിദിനം 10000 ലിറ്റർ ഉൽപ്പാദനശേഷിയുള്ള ഒരു നീര പ്ലാന്റുകൂടി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഈ പ്ലാന്റിൽനിന്ന് 2015 ഫെബ്രുവരി മാസം നീര ഉൽപ്പാദിപ്പിക്കുവാൻ കഴിയും. ഇതിനുംപുറമെ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ കണ്ണൂർ ജില്ലയിലെ ആറളത്ത് പ്രതിദിനം 10000 ലിറ്റർ ഉൽപ്പാദന ശേഷിയുള്ള നീര പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനൊന്നുംതന്നെ സർക്കാർ ഫണ്ട് നൽകിയിട്ടില്ല. ഈ പ്ലാന്റിൽനിന്ന് 2015 ഏപ്രിൽ മാസത്തോടെ ഉൽപ്പാദനം ആരംഭിക്കുവാൻ കഴിയും. ഇത്തരത്തിൽ സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ നീര ഉൽപ്പാദന പദ്ധതി ഘട്ടം ഘട്ടമായി പുരോഗമിച്ചുവരുന്നു. ഇക്കാര്യത്തിലേയ്ക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുകയൊന്നുംതന്നെ വകമാറ്റി ചെലവാക്കിയിട്ടില്ല.

കാർഷികോല്പാദന കമ്മീഷണർ ചെയർമാനും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ നാളികേര നീര ബോർഡാണ് നീര ഉൽപ്പാദനത്തിനായി അനുമതി നൽകുന്നത്. നാളികേര ബോർഡിലും നാളികേര കോർപ്പറേഷനിലും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലും കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിലും അഫിലിയേറ്റ് ചെയ്ത സംഘങ്ങൾക്ക് സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നാളികേര നീര ബോർഡ് പരിശോധിച്ച് നീര ഉൽപ്പാദനത്തിന് അനുമതി നൽകുന്നതാണ്.

## അദ്ധ്യാപക പാക്കേജും അദ്ധ്യാപക ബാങ്കും രൂപീകരിക്കൽ

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പൊതുവിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപക പാക്കേജ് നടപ്പിലാക്കാനും അദ്ധ്യാപക ബാങ്ക് രൂപീകരിക്കാനും ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി പി.എസ്.സി. വഴി നിയമനം കാത്തിരിക്കുന്ന ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളുടെ നിയമനം തടസ്സപ്പെടുകയും ഭരണഘടനാപരമായി സംവരണനിയമനം ലഭിക്കേണ്ട പട്ടികജാതി-പട്ടികവർഗ്ഗ, മറ്റു പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് സംവരണം നിഷേധിക്കുന്ന സാഹചര്യം സൃഷ്ടിച്ചിരിക്കുകയുമാണ്. ഇതിന്

പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. 2011 മാർച്ച് 31-ന് മുമ്പ് നിയമനം ലഭിച്ച അദ്ധ്യാപകർക്ക് സംരക്ഷണം നൽകുന്നതിനാണ് സർക്കാർ പുതിയ നിയമം നടപ്പിലാക്കുന്നത്. അത് ആവശ്യവുമാണ്. 2010-11 വർഷത്തെ തസ്തിക നിർണ്ണയത്തെ അടിസ്ഥാനമാക്കിയുള്ള ഡിവിഷനുകളും തസ്തികകളുമാണ് മാനദണ്ഡമായി സ്വീകരിക്കുന്നത്. എയ്ഡഡ് സ്കൂളുകളിൽ അധികമായി കണ്ടെത്തുന്ന പതിനായിരത്തിലേറെ അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ വരുന്ന ഒഴിവുകളിൽ പുനർവിന്യസിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിന്റെ ഫലമായി ഭാവിയിൽ വർഷങ്ങളോളം പി.എസ്.സി. വഴിയുള്ള അദ്ധ്യാപക നിയമനം നിലയ്ക്കുന്ന സ്ഥിതിയാണ് വരാൻ പോകുന്നത്. ഭരണഘടനാപരമായി എസ്.സി., എസ്.റ്റി., ഒ.ബി.സി. തുടങ്ങിയ വിഭാഗങ്ങൾക്ക് ലഭിക്കേണ്ട സംവരണം നിഷേധിക്കപ്പെടുന്ന സ്ഥിതി ഇതിലൂടെ സംജാതമാവുകയാണ്. ഇതിന് പരിഹാരം കണ്ടെത്താൻ സർക്കാർ നടപടി സ്വീകരിക്കണം. അദ്ധ്യാപകരെ സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതോടൊപ്പം തന്നെ എസ്.സി., എസ്.റ്റി., ഒ.ബി.സി. വിഭാഗങ്ങൾക്ക് ലഭിക്കേണ്ട സംവരണം സംരക്ഷിക്കപ്പെടുകയും വേണം. ആയതിന് ആവശ്യമായ നടപടികൾ

സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, നിരവധി വർഷങ്ങളായി എയ്ഡഡ് സ്കൂൾ മേഖലയിൽ ശമ്പളമില്ലാതെ ജോലി ചെയ്ത അദ്ധ്യാപകർക്കും തസ്തികനഷ്ടം വന്ന് പുറത്തുപോയ അദ്ധ്യാപകർക്കും സംരക്ഷണം നൽകുന്നതിന് വേണ്ടിയാണ് 1.10.2011-ലെ ജി.ഒ.(പി) നം. 199/11 പൊ.വി.വ. പ്രാകരം അദ്ധ്യാപക പാക്കേജ് ഉത്തരവ് പുറപ്പെടുവിച്ചത്. ഇപ്പോൾ 2014-15 വർഷം യു.ഐ.ഡി. പ്രകാരം തസ്തിക നിർണ്ണയം നടത്തിയപ്പോഴും കുട്ടികളുടെ കുറവ് മൂലം നിരവധി സർക്കാർ/എയ്ഡഡ് അദ്ധ്യാപകർക്ക് തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം നിലവിലുണ്ട്. ഈ അദ്ധ്യാപകരെ ഉചിതമായി പുനർവിന്യസിച്ച് സംരക്ഷണം നൽകുന്നതിനുവേണ്ടിയാണ് സർക്കാർ/എയ്ഡഡ് സ്കൂളുകൾക്ക് പ്രത്യേകം അദ്ധ്യാപക ബാങ്ക് രൂപീകരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. എയ്ഡഡ് സ്കൂളിനായുള്ള അദ്ധ്യാപക ബാങ്ക് രൂപീകരിക്കുമ്പോൾ ഇപ്പോൾ സർക്കാർ സ്കൂളുകളിൽ വിന്യസിച്ചിട്ടുള്ള പ്രൊട്ടക്ടഡ് അദ്ധ്യാപകരെയെല്ലാം പിൻവലിച്ച് ബാങ്കിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. അതിന്റെ ഫലമായി സർക്കാർ സ്കൂളുകളിൽ വേക്കൻസി ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കുട്ടികളുടെ കുറവ് മൂലം സർക്കാർ സ്കൂളുകളിൽ നിരവധി അദ്ധ്യാപകർ തസ്തികയില്ലാതെ അധികമുള്ള

സാഹചര്യത്തിൽ അവരെ 1:30/1:35 അനുപാതത്തിൽ അതത് സ്കൂളുകളിൽ നിലനിർത്താനും അപ്രകാരം നിലനിർത്താൻ പറ്റാത്തവരെ ബാങ്കിൽ ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ പുനർവിന്യസിക്കുവാനുമാണ് തീരുമാനം. സർക്കാർ സ്കൂളുകളിൽ കുട്ടികൾ ധാരാളമായി കുറഞ്ഞുവരുന്നതിനാൽ വിവിധ ജില്ലകളിൽ നിന്നും പി.എസ്.സി. യിലേയ്ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്ത എൽ.പി.എസ്.എ., യു.പി.എസ്,എ. എച്ച്.എസ്.എ. തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയെങ്കിലും നിമയന ഉത്തരവ് നൽകിയിട്ടില്ലെന്ന കാര്യം പി.എസ്.സി. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ കുറവുമൂലം തസ്തിക നഷ്ടം വരുന്നതാണ് ഇതിന് അടിസ്ഥാന കാരണം. അദ്ധ്യാപക പാക്കേജ് പുതിയ നിയമനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നില്ല. നിലവിലുള്ള അദ്ധ്യാപകരുടെ സംരക്ഷണം കൂടി സർക്കാരിന് ഉറപ്പുവരുത്തേണ്ടതിനാൽ അധികം വരുന്ന സർക്കാർ അദ്ധ്യാപകരെ ആർ.എം.എസ്.എ., എസ്.എസ്.എ. തുടങ്ങിയവയിലേയ്ക്ക് ബാങ്ക് മുഖേന വിന്യസിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിയമന ശിപാർശ ഇതിനോടകം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പാക്കേജ് വഴിയും

ബാങ്ക് രൂപീകരണം വഴിയും അധികമായി കണ്ടെത്തിയ ഒരു എയ്ഡഡ് സ്കൂൾ അദ്ധ്യാപകനെപ്പോലും സർക്കാർ സ്കൂളുകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്ന തസ്തികകളിലേയ്ക്ക് പുനർവിന്യസിക്കുവാൻ തീരുമാനിച്ചിട്ടില്ല. നിലവിൽ ഗവൺമെന്റ് സ്കൂളുകളിൽ പ്രൊട്ടക്ഷനിൽ ജോലി നോക്കുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ തിരിച്ച് വിളിച്ച് ബാങ്കിൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്. അതിനാൽ പി.എസ്.സി. നിയമനം കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളെയോ സംവരണനിയമനം ലഭിക്കേണ്ടവരുടെ ജോലി സാദ്ധ്യതയോ എയ്ഡഡ് സ്കൂൾ പാക്കേജ് ദോഷകരമായി ബാധിക്കുന്നില്ല.

<u>ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയർ വഴി സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷ</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കേന്ദ്ര-സംസ്ഥാന സർക്കാരുകളും വിവിധ വിദ്യാഭ്യാസ ഏജൻസികളും വിദ്യാർത്ഥികൾക്ക് നിരവധി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. വിവിധ ജാതിയിലും സമുദായങ്ങളിലുമുള്ള വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ നൽകുന്ന ആനുകൂല്യങ്ങൾ വ്യത്യസ്ത രീതിയിലാണ് വിതരണം ചെയ്യുന്നത്. ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്പെഷ്യൽ ഫീസ്, പരീക്ഷാ ഫീസ്, യൂണിഫോം അലവൻസ്, വിവിധതരം സ്കോളർഷിപ്പുകൾ എന്നിവയ്ക്ക് അർഹരാകുന്ന വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും ഈ

ആനുകൂല്യങ്ങൾ ഇങ്ങനെ വ്യത്യസ്ത രീതിയിൽ വിതരണം ചെയ്യുന്നതുകൊണ്ട് വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുകയാണ്. പട്ടികജാതി വികസന വകുപ്പ് രൂപകൽപ്പന ചെയ്ത ഇ-ഗ്രാന്റ്സ് എന്ന സോഫ്റ്റ്‌വെയർ വഴി എസ്.സി., ഒ.ബി.സി., ഒ.ഇ.സി., എസ്.സി.ബി.സി. തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പോസ്റ്റുമെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുമ്പോൾ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ പട്ടികവർഗ്ഗ പ്രൊജക്ട് ഓഫീസ് വഴി നേരിട്ടാണ് വിതരണം ചെയ്യുന്നത്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ആനുകൂല്യങ്ങൾ അതത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബില്ലുകൾ തയ്യാറാക്കി ഫിഷറീസ് വകുപ്പിന് അയച്ചുകൊടുത്ത് ബിൽ പാസ്സാക്കി ട്രഷറിയിൽ നിന്നും തുക വാങ്ങി വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. ഐ.ഇ.ഡി. സ്കോളർഷിപ്പ് തുക വിദ്യാഭ്യാസ ഓഫീസിൽ നിന്നും വിദ്യാർത്ഥിയോ രക്ഷിതാവോ നേരിട്ട് കൈപ്പറ്റണം. ഹൈസ്കൂൾ തലത്തിലുള്ള ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രീ-മെട്രിക്, എൻ.എം.എം.സ്., ഒ.ബി.സി. സ്കോളർഷിപ്പുകൾ ഐ.റ്റി.@ സ്കൂൾ വഴി നൽകുമ്പോൾ പ്ലസ് ടു മുതലുള്ള പോസ്റ്റുമെട്രിക് സ്കോളർഷിപ്പുകൾ കൊളീജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പുവഴിയാണ് വിതരണം ചെയ്യുന്നത്. പ്രൈമറി തലത്തിൽ പഠിക്കുന്ന എസ്.സി.

വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കുട, ബാഗ് എന്നിവ വാങ്ങുന്നതിനായി 2000 രൂപ വീതം നൽകുന്ന പദ്ധതി കഴിഞ്ഞ ദിവസം ഗവൺമെന്റ് ആരംഭിക്കുകയുണ്ടായി. ഇതിനുപുറമെ, Inspire, N.T.S., Cetral Sector, Moulana Azad Foundation തുടങ്ങിയ അനേകം ഏജൻസികളുടെ സ്കോളർഷിപ്പുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകിവരുന്നുണ്ട്. സ്കോളർഷിപ്പുകൾ വ്യത്യസ്ത രീതിയിൽ നൽകുന്നതുകൊണ്ട് രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ട്. വിദ്യാർത്ഥികൾക്ക് നൽകുന്ന എല്ലാ സ്കോളർഷിപ്പുകളും കൈകാര്യം ചെയ്യുന്നതിനായി വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഒരു പ്രത്യേകവിഭാഗം ആരംഭിക്കുകയും എല്ലാ സ്കോളർഷിപ്പുകൾക്കുമുള്ള അപേക്ഷ ഇ-ഗ്രാന്റ്സ് പോലുള്ള സോഫ്റ്റ്‌വെയർ വഴി സ്വീകരിക്കുകയും ചെയ്യുന്നതിന് സംവിധാനമുണ്ടാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, സംസ്ഥാനത്ത് ഹയർ സെക്കണ്ടറി, ഡിഗ്രി, പി.ജി., ഡിപ്ലോമ കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ, എം.ഫിൽ., പി.എച്ച്.ഡി. കോഴ്സുകൾ എന്നിവയില വിദ്യാർത്ഥികൾക്ക് നിലവിൽ സ്കോളർഷിപ്പുകൾ ലഭിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ്,

സങ്കേതിക വിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്നീ സ്ഥാപനങ്ങൾ മുഖേന ഓൺലൈനായാണ് അപേക്ഷ സ്വീകരിക്കുന്നതും വിതരണം ചെയ്യുന്നതും. അതിനാൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്കോളർഷിപ്പുകൾക്കായി പ്രത്യേക വിഭാഗം രൂപീകരിക്കേണ്ട ആവശ്യം വരുന്നില്ല. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ നൽകിവരുന്ന എൻ.എം.എം.എസ്., ഇൻസെന്റീവ് എന്നിവ ഇ-ട്രാൻസ്ഫർ മുഖേനയാണ് നൽകിവരുന്നത്. വിവിധ സ്ഥാപനങ്ങൾ നൽകിവരുന്ന സ്കോളർഷിപ്പുകൾ, എസ്.സി., എസ്.റ്റി., ഒ.ബി.സി. തുടങ്ങിയ വിഭാഗങ്ങൾക്ക് നൽകുന്ന ഫീസ് അലവൻസ് എന്നിവയും ഇ-ഗ്രാന്റ് പോലുള്ള സോഫ്റ്റ്വെയർ മുഖാന്തിരം നടപ്പിലാക്കുകയാണെങ്കിൽ അർഹരായ കുട്ടികൾക്ക് സ്കോളർഷിപ്പ് തുക ഏത് അക്കൗണ്ടിൽ നിന്നും റീ-അലോട്ട് ചെയ്ത് അവരുടെ അക്കൗണ്ടുകളിൽ കൂടി നൽകാൻ സാധിക്കും. ഈ ആവശ്യത്തിലേയ്ക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പ്രത്യേക വിഭാഗം രൂപീകരിക്കുന്ന കാര്യം ധനകാര്യവകുപ്പുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

## പ്ലാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണം

ശ്രീ. പി. കെ. ഗുരുദാസൻ: സർ, 2012 ഡിസംബർ മാസം 15-ാം തീയതി

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ഒരു ചടങ്ങിനെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. ബഹുമാന്യരായ മുഖ്യമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ഗ്രാമവികസന വകുപ്പ് മന്ത്രിയും കൊല്ലം ജില്ലയിലെ എം.പി. മാരും എം.എൽ.എ. മാരും പങ്കെടുത്ത വലിയ ചടങ്ങിൽ ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിടത്തിന് തറക്കല്ലിട്ടു. ആ ചടങ്ങിൽ ധാരാളം ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു. 3.85 കോടി രൂപയുടെ പദ്ധതിയാണെന്നാണ് അന്ന് പ്രഖ്യാപിച്ചത്. എ.ഇ. ഓഫീസ് കെട്ടിടം മാറ്റിയാൽ മാത്രമെ പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തേയ്ക്ക് വഴിസൗകര്യം ലഭിക്കുകയുള്ളുവെന്ന് ചടങ്ങ് കഴിഞ്ഞപ്പോൾ പ്ലാനിംഗ് ഓഫീസർ എന്നോട് പറഞ്ഞു. എ.ഇ. ഓഫീസ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് ഡി.പി.ഐ. യുടെ അംഗീകാരത്തോടെ, പഴക്കംചെന്ന എ.ഇ. ഓഫീസ് കെട്ടിടം നീക്കം ചെയ്ത് ലോറി പോകാൻ കഴിയുന്ന തരത്തിലുള്ള വഴിസൗകര്യം ഉണ്ടാക്കാനുള്ള നടപടി സ്വീകരിച്ചപ്പോഴാണ്, ഗവൺമെന്റിൽ സ്വാധീനമുള്ള ചില എൻ.ജി.ഒ. നേതാക്കന്മാർ കളക്ടറെക്കൊണ്ട് ആ പദ്ധതി ഉപേക്ഷിപ്പിച്ചത്. അതിനുശേഷം കോർപ്പറേഷന്റെ ബങ്ക് മാറ്റി ലോറി പോകത്തക്കവിധത്തിൽ ആറടി വീതിയിൽ വഴിസൗകര്യമുണ്ടാക്കി. കെട്ടിട നിർമ്മാണം ദീർഘദിവസങ്ങൾ നീണ്ടുപോയപ്പോൾ ഉദ്യോഗസ്ഥരോട് എ.എസ്. കിട്ടിയിട്ടുണ്ടോയെന്ന് അന്വേഷിച്ചപ്പോൾ ഇല്ലെന്നും

എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലന്നുമാണ് അവർ പറഞ്ഞത്. എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ഒന്നരക്കൊല്ലം കാത്തിരുന്നിട്ടും എ.എസ്. കിട്ടിയില്ല. ഇപ്പോൾ, 2014-ൽ ആണ് എ.എസ്. കിട്ടിയത്. ബിൽഡിംഗ് നിർമ്മിക്കാനാവശ്യമായ പെർമിറ്റ് കിട്ടിയത് അടുത്ത ദിവസങ്ങളിലാണ്. ഇതുവരെ ടി.എസ്. കിട്ടിയിട്ടില്ല. ഇങ്ങനെ മുഖ്യമന്ത്രി അടക്കമുള്ള കേരളത്തിലെ മന്ത്രിമാരെയും എം.പി. മാരെയും എം.എൽ.എ. മാരെയും ക്ഷണിച്ച് ആയിരക്കണക്കിന് ആളുകൾ പങ്കെടുത്ത ചടങ്ങിൽവച്ച് ഒരു കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനം നിർവ്വഹിച്ചെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഒരു നടപടിയും സ്വീകരിക്കാത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ കർശനമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. അതോടോപ്പം കൊല്ലത്ത് സ്ഥാപിക്കാൻ തീരുമാനിച്ച ജില്ലാ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം ഉടനടി ആരംഭിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കണം.

<u>മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി)</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പി. കെ. ഗുരുദാസൻ പറഞ്ഞതുപോലെ ഇതിനകത്തൊരു കാലതാമസമുണ്ടായിട്ടുണ്ട്. അത് ഒരിക്കലും ഉണ്ടാകാൻ പാടില്ലായിരുന്നു. ഇപ്പോൾ ആ തടസ്സങ്ങളൊക്കെ മാറിയിട്ടുണ്ട്. 15-12-2014-ൽ ചേർന്ന യോഗത്തിൽ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഒരു തീരുമാനമായിട്ടുണ്ട്. ഈ മാസംതന്നെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുമെന്നും നിർമ്മാണ പ്രവൃത്തികൾ 2015 ജനുവരിയിൽത്തന്നെ തുടങ്ങാനാകുമെന്നും ബന്ധപ്പെട്ട എഞ്ചിനീയർ ഉറപ്പ് നൽകിയിട്ടുണ്ട്. എത്രയും വേഗത്തിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

<u>കൊയിലാണ്ടി എൻ.എച്ച്.-ലെ ഗതാഗതക്കുരുക്ക്</u>

<u>ശ്രീ. കെ. ദാസൻ:</u> സർ, അതിവേഗം വളർന്ന് വികസിച്ചുകൊണ്ടിരിക്കുന്ന താലൂക്കാസ്ഥാനമായ കൊയിലാണ്ടിയിൽ ഗതാഗതക്കുരുക്ക് അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. കൊയിലാണ്ടിയിലെ ഗതാഗത സ്തംഭനം മുഖ്യമന്ത്രിക്കുതന്നെ നേരിട്ട് അനുഭവപ്പെട്ടതാണ്. നിലവിൽ അതിസങ്കീർണ്ണമാണ്

കൊയിലാണ്ടി ടൗണിലെ ഗതാഗതക്കുരുക്ക്. ഒറ്റവരിയായി പോകേണ്ടതിനുപകരം രണ്ടും മൂന്നും വരിയായി വാഹനങ്ങൾ നീങ്ങുന്ന അവസ്ഥയും നഗരത്തിൽ മതിയായ പാർക്കിംഗ് സൗകര്യമില്ലാത്തതിനാൽ പാതയോരത്തുതന്നെ ഇരുചക്ര വാഹനങ്ങളും മറ്റ് വാഹനങ്ങളും നിർത്തിയിടുന്നതും ട്രാഫിക് നിയന്ത്രണം ഫലപ്രദമല്ലാത്തതും എൻ.എച്ച്.-ൽ കൊയിലാണ്ടി പട്ടണത്തിലെ യാത്രക്കാർക്ക് ദീർഘമായ സമയം കാത്തിരിക്കേണ്ട അവസ്ഥയുണ്ടാകുന്നു. 'സ്പീഡ് കേരള'യിൽ കോഴിക്കോട് ബൈപ്പാസിന്റെ അവസാനഘട്ട പ്രവർത്തി പുരോഗമിച്ചുവരികയാണല്ലോ. ബൈപ്പാസ് പൂർത്തിയായി പൂർണ്ണമായി തുറക്കുന്നതോടുകൂടി അതുവഴി കടന്നുവരുന്ന വാഹനങ്ങളെ ഉൾക്കൊള്ളാൻ ഇടുങ്ങിയ റോഡ് മാത്രമുള്ള കൊയിലാണ്ടി നഗരത്തിന് കഴിയില്ല. ഈ സ്ഥിതിവിശേഷം ശ്രീ. തോമസ് ഉണ്ണിയാടൻ അദ്ധ്യക്ഷനായുള്ള നിയമസഭാ സമിതി കൊയിലാണ്ടി പട്ടണത്തിൽ പരിശോധിക്കുകയും എലിവേറ്റഡ് ഹൈവേ നിർമ്മിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതും എലിവേറ്റഡ് ഹൈവേ പരിഗണിക്കുമെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി നിയമസഭയിൽ പ്രസ്താവിച്ചതുമാണ്. വളരെ പ്രായോഗികമായി നടപ്പാക്കുന്ന മറ്റൊരു പദ്ധതി തീരദേശ റോഡാണ്. കാപ്പാട്-കൊയിലാണ്ടി തീരദേശ റോഡ് നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ തുടർഘട്ടമായി കൊയിലാണ്ടി-കോട്ടയ്ക്കൽ-

കൊളാവി പാലം തീരദേശത്തുകൂടി പാത നിർമ്മിച്ചാൽ ഗതാഗത സൗകര്യം വർദ്ധിക്കും. ബീച്ച് റോഡ് പ്രോജക്ട് എന്നനിലയിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് ഒരു പ്രോജക്ട് സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ട്. കൊയിലാണ്ടി ടൗൺ ഒരു സാറ്റലൈറ്റ് ടൗൺ ആണ്. ഈ പട്ടണത്തിലെ എൻ.എച്ച്.-ൽ കൂടിയല്ലാതെ കോഴിക്കോട്, കണ്ണൂർ ജില്ലകളുമായി യാത്രക്കാർക്ക് ബന്ധപ്പെടാൻ കഴിയില്ല. അതുകൊണ്ട് ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിന് നിലവിലുള്ള സ്ഥിതിഗതികൾ സൂക്ഷ്മമായി പഠിച്ച് സമഗ്രമായ ഒരു പ്രോജക്ട് സ്റ്റഡി നടത്തി അടിയന്തരമായി നടപ്പിലാക്കണം. പി.ഡബ്ല്യൂ.ഡി., ട്രാഫിക്, എൻ.എച്ച്. അതോറിറ്റി, ആർ.ബി.ഡി.സി., ഹാർബർ എഞ്ചിനീയറിംഗ് മുതലായ വകുപ്പുകൾ എകോപിപ്പിച്ച് ഒരു കർമ്മ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. ഇതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ കെ. ദാസൻ ഇവിടെ പറഞ്ഞ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ള കാര്യം തന്നെയാണ്. കൊയിലാണ്ടി വളരെ തിരക്കുള്ള ഒരു നഗരമാണ്. അവിടെ വീതി കൂട്ടുന്നതിന് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. നാഷണൽ ഹൈവേയുടെ ഇരുവശവും വളരെ

തിരക്കുള്ള വാണിജ്യ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതിനാൽ ഇവിടെ വീതി കൂട്ടാൻ സ്ഥലം എടുക്കുന്ന കാര്യം ബുദ്ധിമുട്ടാണ്. ഫുട്പാത്തിലെ അനധികൃത കച്ചവടം ഒഴിവാക്കി പൊതുജനങ്ങൾക്ക് ഫുട്പാത്തിലൂടെ നടക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി ഇപ്പോഴുള്ള ട്രാഫിക് ബ്ലോക്ക് ഒരു പരിധിവരെ പരിഹരിക്കാൻ ശ്രമിച്ചുവരുന്നു. എന്നിരുന്നാലും ദേശീയ പാതയ്ക്ക് കിഴക്കുവശം സമാന്തരമായി ചെങ്ങോട്ടുകാവുമുതൽ നന്ദി വരെ ബൈപ്പാസ് റോഡ് നിർമ്മാണവും, അതുപോലെതന്നെ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതാണ്, തീരദേശ റോഡിന്റെ നിർമ്മാണവും എത്രയും വേഗം പൂർത്തിയാക്കിയാൽ മാത്രമെ ഈ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നുണ്ട്. കുറേക്കൂടി വേഗത കൂട്ടാനുള്ള നിർദ്ദേശം നൽകുന്നതാണ്. ഇന്നത്തെ സാഹചര്യത്തിൽ റോഡ് വീതി കൂട്ടുന്നതിന് വളരെയേറെ ബുദ്ധിമുട്ടാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്കും അറിയാം. അതുകൊണ്ട് മെയിൻ പാതയ്ക്ക് കിഴക്കുവശവും പടിഞ്ഞാറുവശവും രണ്ടു റോഡുകൾ ഏറ്റവും വേഗത്തിൽ നിർമ്മിക്കുന്നതിന് പരമാവധി ശ്രമിക്കാം.

## ആദിവാസി തടവുകാർക്ക് നിയമസഹായം ലഭ്യമാക്കൽ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, സാമൂഹ്യമായ സംരക്ഷണവും നിയമപരമായ പരിരക്ഷയും ആവശ്യമുള്ള ഏറ്റവും അർഹതപ്പെട്ട ഒരു സമൂഹമാണ് ആദിവാസി സമൂഹം. ഈ ആദിവാസി സമൂഹം പലതരം പ്രശ്നങ്ങളെയാണ് അഭിമുഖീകരിക്കുന്നത്. ദാരിദ്ര്യം, പട്ടിണി, രോഗം, ഭൂമിയില്ലായ്മ, വീടില്ലായ്മ തുടങ്ങിയ പലതരം പ്രശ്നങ്ങളുണ്ട്. ഇതിനെല്ലാം പുറമേ അറിവില്ലായ്മയുടെ കുരുക്കിൽപ്പെട്ട് ജയിലുകളിൽ നിരവധി ആദിവാസികൾ കഴിയുകയാണ്. പ്രത്യേകിച്ചും വയനാട് ജില്ലയിലെ ജയിലുകളിൽ 100 കണക്കിന് ആദിവാസികളുണ്ട്. നിയമപരമായ അജ്ഞതയുടെ ഭാഗമായിട്ടാണ് പലപ്പോഴും ഇത് സംഭവിക്കുന്നത്. വിവാഹിതരായതിന്റെ പേരിൽ ബലാൽസംഗകുറ്റം ചുമത്തപ്പെട്ട് ജയിലിൽ കിടക്കുന്ന ആളുകൾ, ജാമ്യം ലഭിക്കാവുന്ന ചെറിയ കുറ്റങ്ങൾ ചെയ്തിട്ട് ജാമ്യം ലഭിക്കുന്നതിനുവേണ്ടിയുള്ള നികുതി റസീപ്റ്റ് ഇല്ലാത്തത്, ജാമ്യമെടുക്കുന്നതിന് ആളില്ലായ്മ, പട്ടയ രേഖയില്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾകൊണ്ട് ജയിലുകളിൽ കഴിയുന്ന ആളുകൾ, മാസങ്ങളായി വിചാരണ തടവുകാരായ ആദിവാസികൾ ജയിലുകളിൽ കിടക്കുകയാണ്. ഇപ്പോൾ വയനാട്ടിലെ സെഷൻസ് കോടതിയാണെങ്കിൽ നികുതി റസീപ്റ്റിനുപകരം ആധാരംതന്നെ

നിർബന്ധമാണെന്ന് പറയുന്ന സാഹചര്യമുള്ളതായി അറിയുന്നു. ഇങ്ങനെ ജാമ്യം കിട്ടാത്തതുകൊണ്ട് കേസ് തീരുന്നതുവരെ വിചാരണത്തടവുകാരായി കേരളത്തിലെ ജയിലുകളിൽ പ്രത്യേകിച്ച് വയനാട്ടിലെ ജയിലുകളിൽ നിരവധിയായ ആദിവാസികൾ കിടക്കുകയാണ്. നിയമപരമായ പരിരക്ഷ ആവശ്യമുള്ള ഈ പ്രാക്തന സമൂഹത്തോട് തുടരുന്ന ഈ അവഗണന അവസാനിപ്പിക്കാൻ ഈ സഭ ഒന്നിച്ചൊരു നിലപാട് സ്വീകരിക്കണം. അവരെ സംരക്ഷിക്കാനും അവർക്ക് നിയമസഹായം ഉറപ്പുവരുത്താനും ജാമ്യം ലഭിക്കുന്ന കേസുകൾക്ക് ജാമ്യം കിട്ടുമെന്നുറപ്പുവരുത്താനും സർക്കാരിന്റെ ഇടപെടലുകൾ അടിയന്തരമായി ഉണ്ടാകണമെന്ന് സംസ്ഥാനത്തെ എല്ലാ ജയിലുകളിലുമുള്ള ആദിവാസികൾക്കുവേണ്ടിയുള്ള ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വയനാട് ജില്ലയിലെ രണ്ടു ജയിലുകളിലായി ആകെ 41 ആദിവാസികളെയാണ് പാർപ്പിച്ചിരിക്കുന്നത്. ആദിവാസി വിഭാഗത്തിൽപ്പെട്ട തടവുകാർ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവരാണ്. കേസിന്റെ കാര്യങ്ങൾ നടത്താൻ പരിജ്ഞാനമില്ലാത്ത ഇവരെ സഹായിക്കുന്നതിന് ബന്ധുക്കളോ സുഹൃത്തുക്കളോ

ആരുമില്ലാത്ത അവസ്ഥ നിലവിലുണ്ട്. പ്രസ്തുത തടവുകാരെ സഹായിക്കുന്നതിനായി ഈ രണ്ട് ജയിലുകളിലും കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ സൗജന്യ നിയമസഹായ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവർ ആഴ്ചയിലൊരിക്കൽ ജയിലുകൾ സന്ദർശിച്ച് വേണ്ടുന്ന നിയമസഹായം അവർക്ക് ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷെ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ ജയിലുകളിൽ സീരിയസായ ഒഫൻസിൽ കിടക്കുന്നവരാണ് ഇന്നുള്ളത്. അതല്ലാതെ വിചാരണത്തടവുകാരായി ആരുമില്ലായെന്നാണ് ലഭ്യമായിട്ടുള്ള വിവരം. ഇന്നത്തെ പുതിയ നിയമപ്രകാരം ലഭിക്കുന്ന ശിക്ഷയുടെ പകുതി കാലാവധി കഴിഞ്ഞാൽ അവർക്ക് ജാമ്യം നൽകണമെന്നുണ്ട്. അങ്ങനെയുള്ള വ്യവസ്ഥയിൽപ്പെട്ട ഒരാളുമില്ലായെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള റിപ്പോർട്ട്. ഏതായാലും അവരിൽ ആർക്കെങ്കിലും സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടെങ്കിൽ ഗവൺമെന്റ്തന്നെ നിയമസഹായം കൊടുത്ത് അവർക്ക് പുറത്തുപോകുന്നതിനുള്ള സൗകര്യമുണ്ടാക്കുമെന്ന് പറയാനും ആഗ്രഹിക്കുന്നു.

ജിനചന്ദ്ര സ്റ്റേഡിയത്തിന്റെ നിർമ്മാണം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, സംസ്ഥാനത്തെ കായിക മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒരു ജില്ലയാണ് വയനാട്. അന്തർദേശീയ താരങ്ങളായ ജയ്ഷ, അബുബേക്കർ, ഇബ്രാഹിം ചീനിക്ക മുതൽ ഇൻഡ്യൻ പ്രീമിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരള ബ്ലാസ്റ്റേഴ്സിനെ ബൂട്ട് ചെയ്യുന്ന ശ്രീ. സുശാന്ത് മാത്യു അടക്കമുള്ളവർ വയനാട് ജില്ലയിലുള്ളവരാണ് എന്നുപറയുന്നതിൽ അഭിമാനമുണ്ട്. കേരളത്തിൽവച്ച് നടക്കുന്ന ദേശീയ ഗെയിംസിൽ പങ്കെടുക്കാൻ 9 പേരെയാണ് ആർച്ചറിയിൽനിന്ന് തെരഞ്ഞെടുത്തിട്ടുള്ളത്. അതുപോലെതന്നെ ഫെൻസിംഗിനും വയനാട്ടിൽനിന്ന് കായിക താരത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. കായികരംഗത്ത് മികച്ച നേട്ടം നേടുമ്പോഴും വയനാട് ജില്ലയിൽ ഈ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളൊന്നുംതന്നെയില്ല. ആവിടെ ആകെയുള്ളത് കേരള ക്രിക്കറ്റ് അസോസിയേഷന്റെ മനോഹരമായ സ്റ്റേഡിയം മാത്രമാണ്. മറ്റുള്ള കളികൾക്കൊന്നും ആവശ്യമായ സൗകര്യം അവിടെയില്ല. 1988-ൽ ശ്രീ. എം. വിജയകുമാർ 8 ഏക്കർ സ്ഥലം സ്പോർട്സ് കൗൺസിലിന് സൗജന്യമായി നൽകി. ജിനചന്ദ്ര മെമ്മോറിയൽ സ്റ്റേഡിയത്തിന് വേണ്ടിയാണ് അത് നൽകിയത്. 1988-ൽ സ്ഥലം നൽകിയിട്ട് ഇന്നിപ്പോൾ 26 വർഷമായി. ഇനിയും അതിന്റെ പ്രവർത്തനം

തുടങ്ങാൻ നമുക്ക് സാധിച്ചിട്ടില്ല. 2009-10-ലെ ബഡ്ജറ്റിൽ ഇതിനുവേണ്ടി 108 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആ തുക കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയും അവർ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തുവെങ്കിലും, പ്രാഥമികമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രൗണ്ട് ലവലിംഗ് പ്രവർത്തികൾ ആരംഭിച്ചുവെങ്കിലും നാളിതുവരെയായി അതിന്റെ 20 ശതമാനംപോലും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. അതിനുള്ള പ്രധാന കാരണം 2010-ലെ പി.ഡബ്ല്യൂ.ഡി.യുടെ എസ്.ഒ.ആർ. പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് 6.65 കോടി രൂപയായി വർദ്ധിപ്പിച്ചുവെന്നുള്ളതാണ്. ഇത് വളരെ കൂടുതൽ ചെലവ് വരുന്നതാണെന്നും ഇപ്പോൾ ചെയ്യേണ്ട പ്രവർത്തികളെക്കുറിച്ചുള്ള യഥാർത്ഥ കണക്കെടുപ്പ് നടത്തി റീ-ടെണ്ടർ ചെയ്യണമെന്നുമാണ് എടുത്തിട്ടുള്ള തീരുമാനം. ഇതുവരെയായിട്ടും ഇതിന്റെ പ്രവൃത്തികളൊന്നും മുന്നോട്ട് പോയിട്ടില്ല. വയനാട് ജില്ലയിൽ, പ്രത്യേകിച്ച് കൽപ്പറ്റ പോലുള്ള നഗരസഭയ്ക്കുള്ളിൽ 8 ഏക്കർ സ്ഥലം സൗജന്യമായി ലഭിച്ചിട്ടും ഇതുമാത്രമല്ല, വയനാട്ടിൽ സൗജന്യമായി സ്ഥലം കൊടുത്തിട്ടും അവിടെ തുടങ്ങേണ്ട പ്രവൃത്തികളൊന്നും തുടങ്ങാൻ സാധിക്കുന്നില്ല. ഇനിയും ഈ സ്റ്റേഡിയത്തിന്റെ പണി പൂർത്തീകരിച്ചില്ലെങ്കിൽ വയനാട് ജില്ലയിലെ കായിക പ്രേമികളോടും കായിക

താരങ്ങളോടും ചെയ്യുന്ന വലിയ അവഗണനയും വഞ്ചനയുമായിരിക്കും. അതുകൊണ്ട് അടിയന്തരമായി അങ്ങ് ഈ കാര്യത്തിൽ മുൻകയ്യെടുത്ത് വയനാട് ജില്ലയിലെ കൽപ്പറ്റയിലെ ജിനചന്ദ്ര മെമ്മോറിയൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ധനസഹായം നൽകി അതിനുവേണ്ടിയുള്ള പ്രവൃത്തി ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ശ്രീ. എം. വി. ശ്രേയാംസ് കുമാർ പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. കുറേ നടപടികൾ സർക്കാർ എടുത്തിട്ടുണ്ട്. അത് അദ്ദേഹം വിശദീകരിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ആ സ്റ്റേഡിയം പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നിശ്ചയമായും എടുക്കുന്നതാണ്. കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അവരുടെ കരാർ അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി 41,73,114 രൂപയുടെ ഫൈനൽ ക്ലെയിം സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുണ്ട്. ജിനചന്ദ്ര സ്റ്റേഡിയം സന്ദർശിച്ച് മേൽപ്പടി നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് വിശദമായൊരു റിപ്പോർട്ട് സമർപ്പിക്കാൻ കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി

അംഗംകൂടിയായ ശ്രീ. കെ. എസ്. ബാബുവിനെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഇതുവരെ നടന്ന പ്രവൃത്തികളുടെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കണമെന്ന് അദ്ദേഹം പറയുകയുണ്ടായി. അത് പരിശോധിക്കുന്നതാണ്. ഈ സ്റ്റേഡിയം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കുരിശടികൾ തകർക്കപ്പെട്ട സംഭവം

ശ്രീ. മാത്യു റ്റി. തോമസ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ കല്ലൂപ്പാറ പഞ്ചായത്തിൽ ഇന്നലെ പുലർച്ചെ ജനങ്ങൾ ഉണർന്ന് കണ്ടത് ആ പഞ്ചായത്തിലെ മൂന്ന് കുരിശടികൾ തകർക്കപ്പെട്ട നിലയിൽ കിടക്കുന്നതാണ്. എന്റെ മണ്ഡലത്തിന് തൊട്ടപ്പുറത്ത് സംഭവിച്ചത് ശ്രീ. കെ. ശിവദാസൻനായർ ഉന്നയിക്കുമെന്നുള്ളതുകൊണ്ട് അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കല്ലൂപ്പാറ സെന്റ് ആന്റണീസ് മലങ്കര കത്തോലിക്ക പള്ളിയുടെ കല്ലൂപ്പാറ ചന്തയിലുണ്ടായിരുന്ന കുരിശടി, ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര കത്തോലിക്ക പള്ളിയുടെ പുതുശ്ശേരി ജംഗ്ഷനിലുള്ള കുരിശടി, കടമാങ്കുളം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ കടമാങ്കുളം ജംഗ്ഷനിലുള്ള കുരിശടി എന്നീ മൂന്ന് കുരിശടികൾ കല്ലൂപ്പാറ പഞ്ചായത്തിൽതന്നെ സ്ഥിതിചെയ്യുന്നതാണ്. കുറച്ചുമാസങ്ങൾക്കുമുമ്പാണ് കല്ലൂപ്പാറ

ദേവീക്ഷേത്രത്തിൽ തസ്കരന്മാർ ഇടിച്ചുകയറി അവിടെ താമസിച്ചിരുന്ന ഒരാളെ കൊലപ്പെടുത്തി കവർച്ച നടത്തുകയും ചെയ്തത്. ഈ ഭാഗത്തെ ജനങ്ങൾ, ഒരു മതസമൂഹത്തിന്റെ പ്രശ്നമായിട്ടല്ല, സ്വൈരജീവിതം ആഗ്രഹിക്കുന്ന മുഴുവൻ ആളുകളും അങ്ങേയറ്റം ആശങ്കാകുലരാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് ആ പ്രദേശങ്ങൾ നന്നായി അറിയാവുന്നതാണ്. ഇതിൽ കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുവാൻ ഏറ്റവും ഫലപ്രദമായ സത്വര നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>കുരിശടികൾ തകർക്കപ്പെട്ട സംഭവം</u>

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, ഇവിടെ ശ്രീ. മാത്യു റ്റി. തോമസ് ഉന്നയിച്ച കുരിശടികൾ തകർത്ത അതേ ദിവസംതന്നെയാണ് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വള്ളംകുളത്ത് സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ചിന്റെ കുരിശടിയും സാമൂഹ്യവിരുദ്ധർ എറിഞ്ഞ് തകർക്കുകയുണ്ടായത്. ഇത് ഒരു മോഷണത്തിന്റെ ഭാഗമല്ല. സാമൂഹ്യവിരുദ്ധർ എറിഞ്ഞ് അതിന്റെ ചില്ലുകൾ മുഴുവൻ തകർക്കുകയാണ് ചെയ്തത്. ഇതിന്റെ പിന്നിൽ മനഃപൂർവ്വമായി അവിടെ സംഘർഷമോ സമുദായസ്പർദ്ദയോ ഒക്കെ ഉണ്ടാക്കുന്നതിനുവേണ്ടിയിട്ടുള്ള ചില

ശക്തികൾ ശ്രമിക്കുന്നുവെന്നാണ് ന്യായമായും സംശയിക്കേണ്ടത്. അതുകൊണ്ട് ഗൗരവമായി ഇക്കാര്യം അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ബഹുമാനപ്പെട്ട രണ്ട് എം.എൽ.എ. മാരും ഉന്നയിച്ച കാര്യങ്ങൾ വളരെ ഗൗരവത്തോടെയാണ് ഗവണ്മെന്റ് കാണുന്നത്. പത്തനംതിട്ട ജില്ലയിലെ കീഴ്‌വായ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ കടമാങ്കുളം ജംഗ്ഷനിലുള്ള സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിവക കുരിശടി, പുതുശ്ശേരി ജംഗ്ഷനിലുള്ള സെന്റ് ജോർജ് മലങ്കര കത്തോലിക്ക പള്ളിവക കുരിശടി, കല്ലൂപ്പാറ ജംഗ്ഷനു സമീപമുള്ള സെന്റ് അസ്താനിയോസ് മലങ്കര കത്തോലിക്ക പള്ളിവക കരിശടി എന്നിവയ്ക്കുനേരെ ഡിസംബർ മാസം 15-ാം തീയതി രാത്രിയിൽ ഏതോ സാമൂഹ്യദ്രോഹികൾ കല്ലെറിഞ്ഞതിനാൽ അവയുടെ ഗ്ലാസ്സുകൾ പൊട്ടി കേടുപാടുകൾ സംഭവിക്കുകയുണ്ടായി. കുരിശ്ശടികൾക്ക് നേരെയുള്ള അക്രമങ്ങൾക്ക് IPC 427, 153 എന്നീ വകുപ്പുകൾ പ്രകാരം യഥാക്രമം ക്രൈം 1582/14, 1583/14, 1585/14 എന്നീ മൂന്നു കേസ്സുകൾ രജിസ്റ്റർ ചെയ്തു. ഈ അക്രമത്തിൽ 87,000/- രൂപയുടെ

നാശനഷ്ടമുണ്ടായതായാണ് പരാതിപ്പെട്ടിട്ടുള്ളത്. മേൽപ്പറഞ്ഞ മൂന്ന കേസ്സുകളിലും മല്ലപ്പള്ളി പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്. മേൽപ്പറഞ്ഞ സംഭവങ്ങളുമായി ബന്ധപ്പെട്ട് തിരുവല്ല ഞാലിയക്കണ്ടം ഭാഗത്തുനിന്ന് രാത്രി ബൈക്കിൽവന്ന രണ്ടുപേരെക്കുറിച്ച് അന്വേഷണം നടത്തിവരികയാണ്. പള്ളിയുടെ സമീപപ്രദേശങ്ങളിലും കടകളിലും ബാങ്കുകളിലും പെട്രോൾ പമ്പുകളിലും സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറയിലെ ദൃശ്യങ്ങൾ പോലീസ് പരിശോധിച്ചുവരികയാണ്. ഈ സ്ഥലത്തുകൂടി രാത്രിസമയത്ത് സഞ്ചരിച്ചവരുടെ വിവരം ശേഖരിക്കുന്നതിനായി മൊബൈൽ ഫോൺ ടവർ കേന്ദ്രീകരിച്ച് സൈബർസെല്ലിന്റെ സഹായത്തോടെ പരിശോധന നടത്തിവരികയാണ്. രാത്രികാലത്ത് സമീപപ്രദേശങ്ങളിലെ പെട്രോൾ പമ്പിൽ പെട്രോൾ അടിക്കാൻ വന്ന വാഹനങ്ങളുടെ വിവരം ശേഖരിച്ച് അന്വേഷണം നടത്തി വരുന്നു. ഫിംഗർപ്രിന്റ് വിദഗ്ദ്ധർ, സയന്റിഫിക് വിദഗ്ദ്ധർ, പോലീസ് ഫോട്ടോഗ്രാഫർ, ഡോഗ്സ്ക്വാഡ് എന്നീ വിഭാഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി തെളിവെടുപ്പ് നടത്തിയതായും പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നു. ജില്ലാ പോലീസ് സൂപ്രണ്ട് സ്ഥലം സന്ദർശിച്ച് കേസന്വേഷണം ഊർജ്ജിതപ്പെടുത്തുന്നുണ്ട്. രാത്രികാലങ്ങളിൽ ശക്തമായ പോലീസ് പട്രോളിംഗും

ശക്തമാക്കിയിട്ടുണ്ട് എന്നാണ് ജില്ലാ പോലീസ് സൂപ്രണ്ട് പറഞ്ഞിട്ടുള്ളത്.

ഇതേ സമയത്തുതന്നെയാണ് പത്തനംതിട്ട ജില്ലയിലെ തിരുവല്ല പോലീസ് സ്റ്റേഷൻ പരിധിയിലെ വള്ളംകുളം എന്ന സ്ഥലത്ത് സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് വക സെന്റ് ജോർജ് കുരിശടിയുടെ ഗ്ലാസ് ഡിസംബർ മാസം 15-ാം തീയതി രാത്രി ഏതോ സാമൂഹ്യവിരുദ്ധർ കല്ലെറിഞ്ഞ് അവയുടെ ഗ്ലാസിന് കേടുപാടുകൾ സംഭവിക്കുകയുണ്ടായത്. ഇതിലേയ്ക്ക് പള്ളി ട്രസ്റ്റി പി.സി.മത്തായിയുടെ മൊഴിപ്രകാരം IPC 447, 427 വകുപ്പുപ്രകാരം 2462/14 ആയി തിരുവല്ല പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. ഈ കേസിന്റെ അന്വേഷണം തിരുവല്ല പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. സബ് ഇൻസ്പെക്ടറും അഡീഷണൽ എസ്.ഐ. -യുമുൾപ്പെടെയുള്ള ഒരു പ്രത്യേക ടീം അന്വേഷണം നടത്തിവരികയാണ്. പതിനയ്യായിരം രൂപയുടെ നാശനഷ്ടം വന്നതായിട്ടാണ് പരാതിപ്പെട്ടിട്ടുള്ളത്. പള്ളിയുടെ സമീപത്ത് സ്ഥാപിച്ച നിരീക്ഷണ ക്യാമറയുടെ സഹായത്തോടുകൂടിയും ഫിംഗർപ്രിന്റ് വിദഗ്ദ്ധർ, സയന്റിഫിക് വിദഗ്ദ്ധർ, പോലീസ് ഫോട്ടോഗ്രാഫർ, ഡോഗ്സ്ക്വാഡ് എന്നീ സാങ്കേതിക വിഭാഗങ്ങളുടെ സേവനവും പ്രയോജനപ്പെടുത്തിക്കൊണ്ട് തെളിവെടുപ്പ് നടത്തി പ്രതികളെക്കണ്ടെത്താൻ ശ്രമിച്ചുവരികയാണ്. ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കാനുള്ള

മുൻകരുതലുകളും സ്വീകരിക്കുന്നുണ്ട്. ഇതോടൊപ്പംതന്നെ ഞാലിയക്കുണ്ടത്ത് എ.റ്റി.എം. കൗണ്ടറിനുനേരെ കല്ലെറിഞ്ഞ് ഗ്ലാസുകൾ പൊട്ടിച്ച സംഭവം പോലീസിന്റെ ശ്രദ്ധയിലുള്ളതാണ്. കുന്നംകാവത്തുള്ള ഒരു കേരള ഗ്രാമീണ ബാങ്കിന്റെ എ.റ്റി.എം. ശാഖയിലും ഇതുപോലെതന്നെ സാമൂഹ്യവിരുദ്ധർ കല്ലെറിഞ്ഞ് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാരായ ശ്രീ. മാത്യൂ റ്റി. തോമസും ശ്രീ. കെ. ശിവദാസൻ നായരും ഉന്നയിച്ച കാര്യം തീർച്ചയായിട്ടും ഗൗരവമായിത്തന്നെ പോലീസ് ശ്രദ്ധിക്കുന്നുണ്ട്. ജില്ലാപോലീസ് സൂപ്രണ്ട് ഡോ. ശ്രീനിവാസനോട് സംഭവസ്ഥലം സന്ദർശിച്ച് അതിനുവേണ്ട എല്ലാ നിർദ്ദേശങ്ങളും നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പട്രോളിംഗ് രാത്രികാലങ്ങളിൽ ശക്തമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

## കയർ വ്യവസായ സഹകരണ സംഘങ്ങളുടെ സാമ്പത്തിക പ്രതിസന്ധി

ഡോ. ടി. എം. തോമസ് ഐസക്: സർ, നമ്മുടെ കയർ സഹകരണ സംഘങ്ങളെല്ലാം അതിഗുരുതരമായ സ്ഥിതിയിലാണ്. ഏതാണ്ട് നിശ്ചലമായിരിക്കുന്നുവെന്ന് പറയാം. ഇത് കാർത്തികപ്പള്ളി, വൈക്കം, ചേർത്തല തുടങ്ങിയ മേഖലകളിൽ വലിയ സാമൂഹ്യ അസ്വസ്ഥതയ്ക്ക് വഴിതെളിക്കുന്നുണ്ട്.

അടിയന്തരമായി ഈ സംഘങ്ങളെ സഹായിക്കുന്നതിനുള്ള ഏർപ്പാടുണ്ടാകണം. ഇതുസംബന്ധിച്ച് ഒരു കോൺഫറൻസ് വിളിക്കാമെന്ന് അങ്ങ് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അക്കാര്യങ്ങൾ ഞാൻ പറയുന്നില്ല. എന്നാൽ ഇപ്പോൾ ഏറ്റവും അടിയന്തരമായി വേണ്ടത്, ബാങ്കുകളിൽനിന്ന് ജപ്തിനോട്ടീസ് സംഘങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ ഒരു സംഘം സെക്രട്ടറി ആത്മഹത്യ ചെയ്യുകവരെയുണ്ടായിട്ടുണ്ട്. അടിയന്തരമായി ജപ്തി അവസാനിപ്പിക്കാൻ നടപടിയെടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന. മിനിസ്റ്റർ ബാങ്കുകാരുടെ ഒരു യോഗം വിളിച്ചിട്ട് സർക്കാരിതിന്റെ റീപേമെന്റിനെക്കുറിച്ചൊരു പാക്കേജ് ഉണ്ടാക്കുന്നുണ്ട്, നമുക്ക് കൂട്ടായി ചർച്ച ചെയ്യാം, അതുവരെ ജപ്തിയുമായി മുന്നോട്ടുപോകരുത് എന്നുപറഞ്ഞ് അതിന് തീർപ്പുണ്ടാക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമായ കയർ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുവാനും ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. കയർ

വ്യവസായം ആരംഭിക്കുവാനും അത് നിലനിർത്തിക്കൊണ്ടുപോകുവാനും വായ്പയെടുത്ത സംരംഭകർ കയർ സഹകരണ സംഘങ്ങളുൾപ്പെടെ പലരും വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാതെ ജപ്തി ഭീഷണി നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും കാഷ് ക്രെഡിറ്റ് വായ്പയെടുത്ത കയർ സഹകരണ സംഘങ്ങൾ ഇത്തരത്തിൽ ജപ്തിഭീഷണി നേരിടുന്നുണ്ട്. സർക്കാർ പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് നൽകിയെങ്കിലും കയർ സഹകരണ സംഘങ്ങളുടെ വായ്പാകുടിശ്ശിക ഒരു പ്രശ്നമാണ്. ഈ സാഹചര്യത്തിൽ ഇത്തരത്തിലുള്ള വായ്പ സെറ്റിൽ ചെയ്യാൻ സർക്കാരിൽനിന്നും ഒരു വിഹിതം ധനസഹായമായി അനുവദിക്കുന്നതിന് കയർ കടാശ്വാസ പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്. വാണിജ്യ ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ, സഹകരണ വായ്പാ സ്ഥാപനങ്ങൾ, ഗവൺമെന്റ് വകുപ്പുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് കയർ മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുവാൻ വായ്പ വാങ്ങിയ ചെറുകിട കയർ ഉൽപ്പാദകർ, കയർ വ്യവസായത്തിനായി രൂപീകരിച്ച സ്വാശ്രയ ചെറുകിട ഉൽപ്പാദക സംഘങ്ങൾ, കയർ മേഖലയിലെ ക്ലസ്റ്ററുകൾ, സഹകരണ സംഘങ്ങൾ എന്നീ മേഖലകളെ ഉൾപ്പെടുത്തിയും നേരത്തെ നൽകിയിരുന്ന കടാശ്വാസ തുകയുടെ പരിധി

വർദ്ധിപ്പിച്ചും കടാശ്വാസ പദ്ധതി നടപ്പാക്കാനുള്ള സമഗ്രമായ ഒരു പ്രൊപ്പോസലാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ട മറ്റൊരു പ്രധാനപ്പെട്ട കാര്യം, കഴിഞ്ഞ ദിവസം ഞാൻ മറുപടി പറഞ്ഞ അവസരത്തിൽ ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുന്നതിനെക്കുറിച്ച് ആവശ്യപ്പെട്ടിരുന്നു. തീർച്ചയായിട്ടും ഈ സഭാസമ്മേളനം കഴിഞ്ഞതിനുശേഷം ഏറ്റവും അടുത്ത ദിവസം ഏല്ലാവരുടെയും സൗകര്യങ്ങൾ നോക്കി യോഗം വിളിച്ചുചേർക്കുന്നതാണ്. അങ്ങ് മറ്റൊരു നിർദ്ദേശം പ്രധാനമായും വച്ചത്, ഈ ബാങ്കുകളുടെ ഒരു യോഗം വിളിച്ചുചേർത്ത് പ്രത്യേക നിർദ്ദേശം നൽകണമെന്നതാണ്. ഈ മേഖലയിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ് കയർ മേഖലയിലെ തൊഴിലാളികൾക്ക് നേരിടേണ്ടിവരുന്നത് എന്നുള്ളതുകൊണ്ട് തീർച്ചയായും ബാങ്കുകാരുടെ ഒരു യോഗം വിളിച്ചുചേർക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## സ്കൂൾ അദ്ധ്യാപകനായ ശ്രീ. കെ. കെ. അനീഷിന്റെ മരണം

ശ്രീ. ഇ. കെ. വിജയൻ: സർ, വളരെ ഗൗരവമേറിയ ഒരു വിഷയമാണ് ഈ സബ്മിഷന് ആധാരം. എന്റെ മണ്ഡലത്തിലെ എടച്ചേരി പഞ്ചായത്തിലെ അനീഷ്

കുമാർ കെ. കെ, 36 വയസ്സ്, മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കൻഡറി സ്കൂളിൽ അദ്ധ്യാപകനായി ജോലിചെയ്യുമ്പോൾ ആത്മഹത്യ ചെയ്യാനിടയായി. 2013-ലെ അദ്ധ്യാപക സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ മാനേജ്മെന്റിന് ഈ അദ്ധ്യാപകനോട് വിരോധമുണ്ടായിരുന്നു. അതിന്റെ ഭാഗമായി ഐ.റ്റി. ലാബിൽ ഷൂസ് ധരിച്ചുവെന്ന കാരണത്തിന് അനീഷിനെ മാനേജർ സസ്പെൻഡ് ചെയ്യുന്ന നിലപാടുണ്ടായി. സ്കൂളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരനെ അനീഷ് മർദ്ദിച്ചുവെന്ന് പറഞ്ഞ് ഇതിനുസഹായകരമായ ഒരു കേസും നിലവിൽ വന്നു. സ്കൂളിന്റെ പരിസരത്ത് സർക്കാർ ആശുപത്രിയും സ്വകാര്യ ആശുപത്രിയുമുണ്ടെങ്കിൽപ്പോലും കോഴിക്കോട് ഫറൂഖിലുള്ള കോയാസ് ഹോസ്പിറ്റലിൽ ഇയാളെ ചികിത്സിച്ചു. അയാൾക്ക് സഹായകരമായ രേഖയും അവിടെനിന്നുണ്ടാക്കി. ഈ ആശുപത്രിക്ക് ഇങ്ങനെ ചികിത്സിക്കാനുള്ള ലൈസൻസോ രജിസ്ട്രേഷനോ ഉണ്ടായിരുന്നില്ലായെന്ന് പിന്നീട് അനീഷ് വിവരാവകാശ നിയമപ്രകാരം ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയതിനെത്തുടർന്ന് മനസ്സിലായി. ഇതുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായ അനീഷിനെ പിന്നീട് ഡിസ്മിസ് ചെയ്യുന്ന അവസ്ഥയിലാണ് എത്തിച്ചേർന്നത്. സ്കൂൾ മാനേജർ ശ്രീമതി ബിയാത്തുമ്മയാണെങ്കിലും അവരുടെ മകനും പഞ്ചായത്തു പ്രസിഡന്റുമായ ശ്രീ. സെയ്ദലവി എന്ന കുഞ്ഞാപ്പ ആണ് സ്കൂളിന്റെ ദൈനംദിന

വിഷയങ്ങളിലൂൾപ്പെടെ ഇടപെടുന്നത്. പി.ടി.എ. യോഗത്തിലും സ്റ്റാഫ് യോഗത്തിലും വരെ ഇദ്ദേഹം പങ്കെടുക്കാറുണ്ട്. പി.ടി.എ. പ്രസിഡന്റിനെവരെ എത്രയോ വർഷം ഇദ്ദേഹമാണ് നിയമിച്ചിരുന്നത്. ഒരാൾതന്നെയാണ് പി.ടി.എ. പ്രസിഡന്റായി തുടർന്നുപോന്നിരുന്നത്. മരണത്തെതുടർന്നാണ് പുതിയ പി.ടി.എ. പ്രസിഡന്റ് അവിടെ വന്നത്. ഡിസ്മിസ് ചെയ്യുന്ന സാഹചര്യമുണ്ടായപ്പോൾ അതിൽ മനംനൊന്താണ് അനീഷ് മലമ്പുഴയിലെ ഫാന്റസി പാർക്കിന് സമീപമുള്ള ലോഡ്ജിൽ വച്ച് ആത്മഹത്യ ചെയ്തത്. അനീഷിന് ഭാര്യയും ഒരു പിഞ്ചുകുഞ്ഞുമാണുള്ളത്. ഏറെ ധിക്കാരവും പ്രതിഷേധാർഹവുമായ നിലയിലാണ് മാനേജ്മെന്റിന്റെ പ്രവർത്തനം ഉണ്ടായത്. സർക്കാർ ശമ്പളം കൊടുക്കുകയും മാനേജ്മെന്റിന് ഇഷ്ടംപോലെ അദ്ധ്യാപകരുടെ അവകാശങ്ങളുടെ നേർക്ക് കൈവയ്ക്കാൻ അധികാരമുണ്ടെന്ന നിലയിലേക്ക് വരുന്നത് ഈ നാടിന് അപമാനമുണ്ടാക്കുന്ന സാഹചര്യമാണ്. മൊത്തം എയ്ഡഡ് മേഖലയ്ക്ക് വെല്ലുവിളിയുണ്ടാക്കുന്ന സാഹചര്യമാണ്. എയ്ഡഡ് മാനേജ്മെന്റിന്റെ പ്രവർത്തനങ്ങളുടെ രക്തസാക്ഷിയായി മാറുകയാണ് ഈ ആത്മഹത്യയിലൂടെ അനീഷ്. ഇപ്പോൾ ഈ കേസ് ക്രൈംബ്രാഞ്ച് നടത്തുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി രേഖാമൂലം മറുപടി തന്നത്. മനുഷ്യാവകാശ കമ്മീഷനും ഇതുമായി ബന്ധപ്പെട്ട്

ഒരു കേസ് എടുത്തിട്ടുണ്ട്. എന്നാൽ ആത്മഹത്യയിലേയ്ക്ക് തള്ളിവിട്ട സാഹചര്യങ്ങൾ പൊതുവേ മനസ്സിലായതാണെങ്കിലും ഇതുവരെ പ്രതികളെ കണ്ടെത്തുകയോ കേസെടുക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ അന്വേഷണം ശക്തിപ്പെടുത്തിക്കൊണ്ട് മാതൃകാപരമായ നടപടികൾ സ്വീകരിച്ച് കുറ്റക്കാരെ ശിക്ഷിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഭാര്യയ്ക്കും കുട്ടിയ്ക്കും ജീവിക്കാനുള്ള സഹായവും ഇതിന്റെ ഭാഗമായി ഉണ്ടാകണം. മാനേജ്മെന്റിന്റെ ധിക്കാരപരമായ നടപടിക്കെതിരെ സ്കൂളിലെ ഭരണ-പ്രതിപക്ഷ ഭേദമന്യേ എല്ലാ അദ്ധ്യാപക സംഘടനകളും അനീഷിന്റെ രക്ഷിതാക്കളും ബഹുമാന്യരായ കേരളത്തിന്റെ മുഖ്യമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവരെ കണ്ട് അവരുടെ പരിവേദനങ്ങൾ രേഖാമൂലം നിവേദനമായി നൽകിയതാണ്. വളരെ ഗൗരവമായ വിഷയം, കേരളത്തിലെ എയ്ഡഡ് മേഖല അദ്ധ്യാപകരോട് കാണിക്കുന്ന സമീപനത്തിനും എയ്ഡഡ് വിദ്യാലയങ്ങളോട് കാണിക്കുന്ന നിലപാടിനെതിരെ ശക്തമായ പ്രതിഷേധം കൂടി രേഖപ്പെടുത്തിക്കൊണ്ട് ഇതിന് ശാശ്വതമായ പരിഹാരമുണ്ടാക്കാനുള്ള നടപടികൾ ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നതാണ് എന്റെ സബ്മിഷൻ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, മലപ്പുറം മുന്നിയൂർ ഹയർസെക്കൻഡറി സ്കൂളിലെ സോഷ്യൽ സ്റ്റഡീസ് അദ്ധ്യാപകനായ അനീഷ്, 35 വയസ്സ്, മലമ്പുഴ ഉല്ലാസ് ലോഡ്ജിലെ 104-ാം നമ്പർ മുറിയിൽ രക്തംവാർന്ന് മരിച്ചുകിടക്കുന്നതായി 02/09/2014-ന് പുലർച്ചെ കാണപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് ലോഡ്ജ് മാനേജർ ഹരിദാസിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ സി.ആർ.പി.സി. 174-ാം വകുപ്പ് പ്രകാരം ക്രൈം നമ്പർ 405/2014 ആയി മലമ്പുഴ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തിയതിൽ കഴുത്തിനേറ്റ ആഴത്തിലുള്ള മുറിവാണ് മരണകാരണമെന്ന് വെളിവായി. ഈ കേസ് അന്വേഷണം മലമ്പുഴ പോലീസ് സബ് ഇൻസ്പെക്ടർ നടത്തി വരവെ കൂടുതൽ കാര്യക്ഷമമായ അന്വേഷണത്തിനുവേണ്ടി ജില്ലാ ക്രൈംബ്രാഞ്ചിന് വിട്ടുകൊടുക്കുകയുണ്ടായി മരണപ്പെട്ട അനീഷിന്റെ ഭാര്യ ഷൈനി, മാതാവ് ശാന്തകുമാരി, പിതാവ് കുമാരൻ, സഹപ്രവർത്തകനായ രതീഷ് തുടങ്ങിയവരുടെ മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തിയതിൽ സ്കൂളിലുണ്ടായ ചില പ്രശ്നങ്ങളുടെ പേരിൽ അനീഷിനെ സസ്പെൻഡ് ചെയ്യുകയും തുടർന്ന് ഡി.ഡി.ഇ.യുടെ ഉത്തരവുപ്രകാരം 30/05/2014-ൽ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയും ചെയ്ത മനോവിഷമത്തിലാണ് അനീഷ്

ആത്മഹത്യ ചെയ്തതെന്ന് മേൽപ്പറഞ്ഞവർ മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ സി.ആർ.പി.സി 174 ഭേദഗതി ചെയ്ത് ഐ.പി.സി. 306, 34 എന്നീ വകുപ്പുകൾ ചേർത്ത് അന്വേഷിച്ചുകൊണ്ട് 18/06/2014-ൽ ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്.

ഹെൽത്ത് ഇൻസ്പെക്ടർ ട്രേഡ് കോഴ്സ്

ശ്രീ. എ. റ്റി. ജോർജ്: സർ, ഐ.റ്റി.ഐ. കളിൽ പഠിപ്പിച്ചുവരുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡ് കേരള പി.എസ്.സി അംഗീകരിക്കാത്തതിനെ സംബന്ധിച്ചും. ജോലി സാധ്യതയുള്ള പ്രസ്തുത ട്രേഡ് കേരളത്തിൽ നിർത്തുവാനുള്ള നീക്കം ഒഴിവാക്കണമെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ദേശീയ തലത്തിലും സംസ്ഥാനങ്ങളിലും കേന്ദ്ര ഗവൺമെന്റ് വകുപ്പുകളിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലും വിവിധ സ്വകാര്യ മേഖലകളിലും വളരെയധികം തൊഴിൽ സാധ്യതയുള്ള ഒരു കോഴ്സ് ആണ് ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡ്. കേന്ദ്ര തൊഴിൽ വകുപ്പിലും നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ

ട്രെയിനിംഗിനും ഉത്തമബോധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ 2008 മുതൽ തൊഴിൽ സാധ്യതയുള്ള ആധുനിക ട്രേഡുകളുടെ കൂട്ടത്തിൽ പ്രാധാന്യം നൽകി എൻ.സി.വി.റ്റി.യുടെയും എസ്.സി.വി.റ്റി.യുടെയും നേതൃത്വത്തിൽ നടത്തി വരുന്ന ഒരു വർഷത്തെ ദൈർഘ്യമുള്ള കോഴ്സ് ആണ് ഇത്. കേന്ദ്ര ഗവൺമെന്റിന്റെ വിവിധ വകുപ്പുകളും റെയിൽവേ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളും വിവിധ സംസ്ഥാനങ്ങളിൽ പി.എസ്.സി.കളും ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡിനെ അംഗീകരിക്കുകയും തൊഴിൽ നൽകിവരികയുമാണ്. പഞ്ചായത്ത് വകുപ്പിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയ്ക്കും ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്കും മറ്റു സമാന വകുപ്പുകളിലെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്കും എച്ച്.എസ്.ഐ.ട്രേഡ് സർട്ടിഫിക്കറ്റ് യോഗ്യതയാക്കാവുന്നതാണെന്ന് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ എച്ച്.എസ്.ഐ. ട്രേഡ് കേരളത്തിൽ നിർത്തലാക്കുവാനുള്ള വകുപ്പുസെക്രട്ടറിയുടെ നിർദ്ദേശം പുന:പരിശോധിക്കുകയും മറ്റ് സംസ്ഥാനങ്ങളെപ്പോലെ കേരള പി.എസ്.സി.യും എച്ച്.എസ്.ഐ. ട്രേഡിനെ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ള വിഷയമാണ്. പക്ഷെ നിർഭാഗ്യവശാൽ എൻ.സി.വി.റ്റി. അംഗീകരിച്ച് നമ്മൾ നടത്തുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് ഒരു വർഷത്തെ കോഴ്സാണ്. ഹെൽത്ത് ഡിപ്പാർട്ടുമെന്റ് ഇതിന്റെ രണ്ടുവർഷത്തെ കോഴ്സാണ് നടത്തുന്നത്. അതുകൊണ്ടുതന്നെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II എന്ന തസ്തികയിലേയ്ക്ക് ഒരു വർഷത്തെ കോഴ്സ് പര്യാപ്തമല്ല എന്ന നിലപാടാണ് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് എടുത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വരെ ഈ വിഷയത്തിൽ ഒരു ഘട്ടത്തിൽ ഇടപെട്ടതാണ്. ഒരു വർഷത്തെ കോഴ്സ് പര്യാപ്തമല്ല എന്ന ഹെൽത്ത് ഡിപ്പാർട്ടുമെന്റ് നിലപാടുകൊണ്ടാണ് ഈ കോഴ്സ് പാസാകുന്നവർക്ക് ജോലി ലഭിക്കാത്ത സാഹചര്യമുള്ളത്. ഞാൻ ഹെൽത്ത് ഡിപ്പാർട്ടുമെന്റിനെ കുറ്റം പറയുന്നതല്ല. അവർ പറയുന്നത് അനാട്ടമി അടക്കമുള്ള വിഷയങ്ങൾ ഈ ഒരു വർഷത്തെ കോഴ്സിൽ പ്രതിപാദിക്കുന്നില്ലെന്നാണ്. അതുപോലെ തന്നെ പഞ്ചായത്ത് വകുപ്പുമായി ടേക്ക്അപ് ചെയ്തപ്പോഴും അവരും അനുകൂലമായ നിലപാട് കൈക്കൊള്ളാത്ത പശ്ചാത്തലത്തിൽ പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് യാതൊരു

ജോലിസാധ്യതയുമില്ലായെന്ന് കണ്ടതുകൊണ്ടാണ് അത് നിർത്തലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഏതെങ്കിലും തരത്തിൽ ഇതിന് മാറ്റം വരുന്നപക്ഷം ഇവർക്ക് സർക്കാർ മേഖലയിൽ തൊഴിൽ ലഭിക്കുന്ന സാഹചര്യം ഉണ്ടാകുന്നപക്ഷം തീർച്ചയായും ഇക്കാര്യം പുന:പരിശോധിക്കാവുന്നതാണ്. ഇപ്പോഴത്തെ നിലയിൽ ആ കോഴ്സ് കൊണ്ടുപോകുന്നതിൽ യാതൊരു അർത്ഥവുമില്ലാത്തതുകൊണ്ടാണ് ആ കോഴ്സ് നിർത്തലാക്കിയിരിക്കുന്നത്.

## ഇരുമ്പുരുക്ക് കമ്പനി തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എം. ഹംസ: സർ, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ധാരാളം ഇരുമ്പുരുക്ക് വ്യവസായങ്ങളുണ്ട്. ആ ഇരുമ്പുരുക്ക് വ്യവസായസ്ഥാപനങ്ങളിൽ നടക്കുന്നത് മനുഷ്യാവകാശത്തിന്റെ ധ്വംസനമാണ്. അവിടെ പണിയെടുക്കുന്ന ആയിരങ്ങൾക്ക് മനുഷ്യരെന്നുള്ള രൂപത്തിലുള്ള പരിഗണന പോലും ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ അവിടെ സബ്ജക്ട് കമ്മിറ്റി വിസിറ്റ് ചെയ്തപ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്ക് തന്നെ അക്കാര്യം ബോദ്ധ്യപ്പെട്ടു. 1700 ഡിഗ്രി സെന്റിഗ്രേഡിൽ തൊഴിലെടുക്കുന്ന തൊഴിലാളിക്ക് കേവലം ഷർട്ടും തലയിലിടാൻ ഒരു തൊപ്പിയും മാത്രമാണുള്ളത്. യാതൊരു സുരക്ഷാസംവിധാനവുമില്ല.

കേരളത്തിലാണോ ഇത് നടക്കുന്നതെന്ന് തോന്നിപ്പോകും. യു.പി.-യിലോ ബീഹാറിലോ ആണ് നടക്കുന്നതെങ്കിൽ നമുക്കത് മനസ്സിലാക്കാം. എന്നാലിത് നടക്കുന്നത് കേരളത്തിലെ കഞ്ചിക്കോടിലാണ്. ഇവിടെ ഒരുപാട് നിയമങ്ങളുണ്ട്. ആ നിയമങ്ങളെല്ലാം നോക്കുകുത്തികളാക്കി നിൽക്കുകയാണ്. ഈ തൊഴിലാളികളുടെയും മനുഷ്യരുടെയും ജീവൻ സംരക്ഷിക്കുന്നതിനുവേണ്ടി; അവരുടെ ക്ഷേമം നോക്കുന്നതിനുവേണ്ടി; അവരുടെ ആരോഗ്യം നോക്കുന്നതിനുവേണ്ടി; അവരുടെ സുരക്ഷിതത്വം സംരക്ഷിക്കുന്നതിനുവേണ്ടി എത്ര ഉദ്യോഗസ്ഥന്മാർക്കാണ് ശമ്പളം കൊടുക്കുന്നത്. ആ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥന്മാർ നീതി കാണിക്കുന്നുണ്ടോ? എല്ലാവരും നീതി കാണിക്കുന്നില്ല എന്ന് ഞാൻ പറയുന്നില്ല. ഒരു പറ്റം ഉദ്യോഗസ്ഥന്മാർ നീതി കാണിക്കാതെ അനീതി കാണിച്ചതിന്റെ ദുരന്തഫലം കഞ്ചിക്കോട് നാം കാണുകയാണ്. ഈയൊരു അവസ്ഥയിൽ നിന്ന് കേരളത്തെ രക്ഷിക്കണം. ഇത് കേരളത്തിന് അപമാനമാണ്. നിരവധി മാതൃകാപരമായ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കിയിട്ടുള്ള ഈ കേരളത്തിൽ ഇത്തരത്തിൽ മനുഷ്യാവകാശ ധ്വംസനം നടക്കുന്നു. ഈ അനീതി അവസാനിപ്പിക്കുന്ന തിനാവശ്യമായ ഇടപെടലുകൾ വേണം. ധാരാളം പേർ മരിച്ചു. എത്ര പേർ മരിച്ചുവെന്ന് ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചോദിച്ചപ്പോൾ മറുപടിയില്ല.

എത്ര പേർക്ക് പരിക്കുപറ്റിയെന്നതിനും ഉത്തരമില്ല. അവർക്ക് എന്തെങ്കിലും ചെയ്തോ, അതിനും ഉത്തരമില്ല. ഇങ്ങനെയുണ്ടോ ഒരു ഡിപ്പാർട്ട്മെന്റ്? ഇക്കാര്യത്തിൽ എന്റെ വകുപ്പ് പരാജയപ്പെട്ടുവെന്ന് സെൽഫ് ക്രിട്ടിസിസം നടത്തിക്കൊണ്ട് മന്ത്രി പറഞ്ഞു. അത് സഖാവ് ബേബി ജോണിന്റെ മകനായതുകൊണ്ട് പറഞ്ഞതായിരിക്കും. അത്തരത്തിൽ അനീതി നടക്കുന്ന ഒരു അന്തരീക്ഷത്തിൽ അവിടെയുള്ള തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള വളരെ പ്രധാനപ്പെട്ട ഇടപെടൽ ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. അവിടെ ഞങ്ങൾ ഒരുമിച്ചാണ് സന്ദർശിച്ചത്. യഥാർത്ഥത്തിൽ ഈ മൂന്നര വർഷത്തിനിടയിൽ തൊഴിൽ വകുപ്പുമന്ത്രി എന്ന നിലയിൽ ലജ്ജിക്കേണ്ടി വന്ന ഒരു ദിവസം അന്നായിരുന്നുവെന്ന് സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. കാരണം മനുഷ്യാവകാശ ധ്വംസനമാണ് അവിടെ നടക്കുന്നത്. കെട്ടിയിട്ട മൃഗങ്ങളാണെങ്കിൽ അവിടെ നിൽക്കും, കെട്ടിയിടാത്ത മൃഗങ്ങളാണെങ്കിൽ അവിടെ നിന്ന് ഓടിപ്പോകും. കാരണം ചൂടും അതുപോലുള്ള സാഹചര്യവുമാണ്. അവിടെ പല പരാജയവും

സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ തന്നെ........ ഇത് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ട നിമിഷം തന്നെ ഗവൺമെന്റ് ഇത് വളരെ ഗൗരവമായി എടുത്തിട്ടുണ്ട്. കഞ്ചിക്കോട് 44 ഇരുമ്പുരുക്ക് സ്ഥാപനങ്ങളുള്ളത്. അതിൽ 13 ഫാക്ടറികൾ പ്രവർത്തനരഹിതമാണെന്നാണ് എനിക്ക് ലഭിച്ചിട്ടുള്ള റിപ്പോർട്ട്. ബാക്കിയുള്ള എല്ലാ സ്ഥാപനങ്ങളിലും പരിശോധന നടത്തി. 26 സ്ഥാപനങ്ങളിൽ സ്റ്റോപ്പ് മെമ്മോ കൊടുത്ത് പ്രവർത്തിക്കാൻ അനുവദിച്ചില്ല. അതിനുശേഷം ഘട്ടംഘട്ടമായി പരിശോധിച്ച് അവർ മാറ്റം വരുത്തിയതിന്റെ അടിസ്ഥാനത്തിൽ........ ഇതിലൊരു അവിശ്വാസം വന്നല്ലോ, ഈ സംവിധാനങ്ങളൊക്കെ കൃത്യമായി പ്രവർത്തിക്കുമെന്ന് വിചാരിച്ച് അവിടെ ചെന്നപ്പോഴാണ് ഇവ കൃത്യമായി പ്രവർത്തിക്കുന്നില്ലെന്ന് കണ്ടത്. അതുകൊണ്ടുതന്നെ ഓരോ ഫാക്ടറിയും പരിശോധിക്കുമ്പോൾ അതിന്റെ വീഡിയോയും ഫോട്ടോഗ്രാഫും എടുത്ത് അപ്‌ലോഡ് ചെയ്ത് എനിക്കടക്കം ലഭിക്കുന്ന സാഹചര്യമുണ്ടാകണമെന്നും തിരിച്ച് റെക്ടിഫൈ ചെയ്തുവെന്ന് പറഞ്ഞ് തുറന്നുകൊടുക്കുമ്പോൾ ആ സന്ദർഭത്തിലും വീഡിയോ എടുത്ത് അതിന്റെ കോപ്പി കൂടി എനിക്ക് അയയ്ക്കണമെന്നും നിഷ്കർഷിച്ചു. പ്രത്യക്ഷത്തിൽ ഇപ്പോൾ നല്ല മാറ്റം വന്നിട്ടുണ്ടെന്നാണ് ഡിപ്പാർട്ട്മെന്റ് തരുന്ന വിവരം. പാലക്കാട് നിന്നുള്ള എം.എൽ.എ. എന്നുള്ള നിലയിൽ അങ്ങേയ്ക്കടക്കം അത് പരിശോധിക്കാവുന്നതാണ്.

ജനുവരി മാസത്തിൽ വീണ്ടും സബ്ജക്ട് കമ്മിറ്റി ആ പ്രദേശം സന്ദർശിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അന്നു തന്നെ ഉദ്യോഗസ്ഥർക്കെതിരെ എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല എന്നു ചോദിച്ചാൽ അന്ന് ചാർജിലുണ്ടായിരുന്ന ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെ ഇൻസ്പെക്ടർ ചാർജ്ജെടുത്ത് ഒരു ആഴ്ചയേ ആയിട്ടുള്ളൂ. ചുമതലയുണ്ടായിരുന്ന ജോയിന്റ് ഡയറക്ടർ ചാർജ്ജെടുത്ത് പത്തു ദിവസമേ ആയിട്ടുള്ളൂ. പത്തു ദിവസം മാത്രമായിട്ടുള്ളവരോട് ഇതിന്റെ റെസ്പോൺസിബിലിറ്റി കെട്ടിവയ്ക്കേണ്ട എന്നതിന്റെ അടിസ്ഥാനത്തിലാണ് നടപടിയെടുക്കാത്തത്. അതുപോലെ ഡി.എൽ.ഒ. എൻഫോഴ്സ്മെന്റ് ചാർജ്ജെടുത്തിട്ട് ഒരു മാസമേയായിട്ടുള്ളൂ. ഇവരെല്ലാം പുതുമുഖമായതുകൊണ്ടാണ് അന്ന് അവിടെ വച്ച് നടപടി കൈക്കൊള്ളാത്തത്. പക്ഷേ ഇക്കാര്യം വളരെ ഗൗരവത്തിൽ തന്നെ കണ്ടുകൊണ്ട് അതിന്റെ ഉത്തരവാദികൾ ആരെന്ന് കണ്ടെത്തി മാതൃകാപരമായ നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. ഇപ്പോൾ പ്രഥമ ഉത്തരവാദിത്വമെന്നത് അവിടെയുള്ള സാഹചര്യം മാറുക എന്നുള്ളതാണ്. എനിക്ക് ലഭിച്ചിട്ടുള്ള വീഡിയോകളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ പ്രൊട്ടക്റ്റീവ് ഗിയർ നൽകിയിട്ടുണ്ട്. മറ്റു പല കാര്യങ്ങളും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം പൂട്ടുന്നുവെന്നുള്ള എന്ന പരാതിയും നിവേദനവുമായി അതിന്റെ ഉടമകൾ ഇവിടെ വന്നപ്പോൾ ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും കൂടി ഒരു മീറ്റിംഗ് നടത്തി. നമ്മൾ നിഷ്കർഷിച്ചിരുന്ന 16 കാര്യങ്ങളിൽ 13 ഇനങ്ങൾ അടിയന്തിരമായി ചെയ്യണമെന്നും സാങ്കേതികമായ 3 കാര്യങ്ങളിൽ അവർക്ക് അല്പം സമയം വേണ്ടതുള്ളതുകൊണ്ട് 45 ദിവസത്തെ സമയം കൊടുത്തിരിക്കുകയാണ്. ഈ 16 കാര്യങ്ങളും നടപ്പിലാക്കാതെ ഒരു സ്ഥാപനവും...... കഞ്ചിക്കോട് സ്ഥാപനം നമ്മുടെ കണ്ണ് തുറപ്പിച്ചതാണ്. അവിടെ മാത്രമല്ല കേരളത്തിൽ പ്രവർത്തിക്കുന്ന ഒരു ഇരുമ്പുരുക്ക് സ്ഥാപനവും ഈ വ്യവസ്ഥകൾ പാലിക്കാതെ പ്രവർത്തിക്കാൻ ഗവൺമെന്റ് അനുവദിക്കുന്നതല്ല എന്ന് അസന്നിഗ്ധമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## ഇളമ്പ്രക്കോട് ഇക്കോ ടൂറിസം കേന്ദ്രമാക്കേണ്ടത് സംബന്ധിച്ച്

ശ്രീ. വർക്കല കഹാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ഏതാണ്ട് 350 ഏക്കറോളം വിസ്തൃതിയിലുള്ള സംരക്ഷിത വനപ്രദേശമാണ് ഇളമ്പ്രക്കോട്. ഒറ്റപ്പെട്ട വനമായതിനാൽ സംരക്ഷണത്തിനായി പ്രത്യേകിച്ച് ഒരു സംവിധാനവുമില്ല. കല്ലടത്തണ്ണിയാർ കടന്നുപോകുന്നത് ഇതിന്റെ സമീപത്തുകൂടിയാണ്. ഒരു ഇക്കോ ടൂറിസം കേന്ദ്രമാക്കി ഇതിനെ മാറ്റിയാൽ സ്വാഭാവികത നിലനിർത്തിക്കൊണ്ടുതന്നെ വിനോദസഞ്ചാരികൾക്കും

പ്രകൃതിസ്നേഹികൾക്കും ആകർഷകമായ ഒന്നാക്കി മാറ്റാൻ സാധിക്കും. അതുകൊണ്ട് ഇളമ്പ്രക്കോട് വനത്തിന്റെ സ്വാഭാവിക പരിസ്ഥിതി നിലനിർത്തിക്കൊണ്ടുതന്നെ ഇതിനെ ഒരു ഇക്കോ ടൂറിസം കേന്ദ്രമാക്കാനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം മറ്റൊരു കാര്യം, നമ്മുടെ സംസ്ഥാനത്ത് നാഷണൽ പാർക്കുകളില്ല. ബാംഗ്ലൂരിലുണ്ട്, ബാംഗ്ലൂർ ബനാർഘട്ട് നാഷണൽ പാർക്ക്, ആസാമിലെ കാശിരംഗ നാഷണൽ പാർക്ക്. നമ്മുടെ സംസ്ഥാനത്ത് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ടൂറിസത്തിന് കൂടുതൽ മുന്നേറ്റം നൽകുന്നതിനും ഇത് വളരെ സഹായകരമായിരിക്കും. ബാംഗ്ലൂർ ബനാർഘട്ട് നാഷണൽ പാർക്കിന്റെ മാതൃകയിൽ ഒരു വൈൽഡ്ലൈഫ് സഫാരി പാർക്ക് ആക്കി മാറ്റുവാൻ ഈ പ്രദേശത്തിന്റെ സ്വാഭാവികത സംരക്ഷിക്കുന്ന രീതിയിൽ അത്തരത്തിൽ വികസിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കണം. അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം എന്നതാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കുവാനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട വർക്കല കഹാർ പറഞ്ഞ 410 ഏക്കർ വിസ്തീർണ്ണമുള്ള ഈ സ്ഥലത്ത് 106.5 ഹെക്ടർ സ്ഥലം അക്കേഷ്യാ തോട്ടം, 59.42 ഹെക്ടർ സ്ഥലത്ത് യൂക്കാലിപ്സ്, കശുമാവ് എന്നിവയാണുള്ളത്.

ഇതിലെ 59.42 ഹെക്ടറിൽ സ്വാഭാവിക വൃക്ഷങ്ങളും മുളയും വളർന്നുവരുന്നുണ്ട്. 2013-ൽ 20 ഹെക്ടർ സ്ഥലത്തെ അക്കേഷ്യാ തോട്ടങ്ങൾ മുറിച്ചുമാറ്റി വനം ദീപ്തി പദ്ധതിയിൽ ഉൾപ്പെടുത്തി. തദ്ദേശീയമായ വിവിധയിനം ഫലവൃക്ഷങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവ നട്ടുവളർത്തി പ്രകൃതിപഠന കേന്ദ്രമാക്കി മാറ്റിയിരിക്കുന്നു. ഇവിടെ അദ്ദേഹം സൂചിപ്പിച്ചത് രണ്ടു പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഒന്ന്, ഒരു ഇക്കോ ടൂറിസം പദ്ധതി ഇതുമായി ചേർത്ത് ഒരു സർക്യൂട്ട് പോലെ ഇത് കൊണ്ടുവരാൻ കഴിയുമോ എന്നുള്ളതാണ്. ഇത് ഇക്കോ ടൂറിസം പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കാൻ വകുപ്പിന് നിർദ്ദേശം കൊടുക്കുന്നതാണ്. അതോടൊപ്പം കേരളത്തിൽ നാഷണൽ സഫാരി പാർക്കില്ല. അതുകൊണ്ട് ഇതിനെ നാഷണൽ സഫാരി പാർക്കിന്റെ ഭാഗമാക്കാൻ കഴിയുമോ എന്നുള്ളതാണ് മറ്റൊരു നിർദ്ദേശം. കേരളത്തിൽ സഫാരി പാർക്ക് വരുമ്പോൾ ധാരാളം വന്യമൃഗങ്ങൾ വരും. നേരത്തെ തന്നെ തദ്ദേശീയർക്ക് കൂടുതൽ തൊഴിലവസരം ഈ അക്കേഷ്യ തോട്ടത്തിലുണ്ട്. ഈ പ്രദേശം വന്യജീവികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് പുറത്തുള്ള ജനവാസകേന്ദ്രത്തിലായതിനാൽ വൈൽഡ് ലൈഫ് സഫാരി പാർക്ക് സ്ഥാപിക്കുന്നതിന് ചില പരിമിതികളുണ്ട്. എങ്കിലും ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ചതുപോലെ ഒരു സഫാരി

പാർക്കുണ്ടാക്കാൻ കഴിയുമോയെന്നുള്ളത് നാഷണൽ വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റുമായി ആലോചിക്കുന്നതാണ്. അതിനുശേഷം ഒരു പോസിറ്റീവായ മറുപടി ലഭിക്കുകയാണെങ്കിൽ ഗവൺമെന്റ് നിശ്ചയമായും നടപടി എടുക്കുന്നതാണ്.

## കായികതാരങ്ങൾക്കും പരിശീലകർക്കും ആനുകൂല്യങ്ങൾ

ശ്രീ. റ്റി. യു. കുരുവിള: സർ, തുടർച്ചയായി 10-12 വർഷമായിട്ട് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി കോതമംഗലമാണ് സ്പോർട്സ് രംഗത്ത് മുന്നിൽ നിൽക്കുന്നത്. അതുപോലെ സ്കൂൾ രംഗത്തും കോളേജ് രംഗത്തും എം.എ. കോളേജുമാണ് മുന്നിട്ട് നിൽക്കുന്നത്. കായിക രംഗത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് പുതുതായി രൂപീകരിക്കാൻ പോകുന്ന കായിക സർവ്വകലാശാല കോതമംഗലം ആസ്ഥാനമായി ആരംഭിക്കുന്നതിന് നടപടിയുണ്ടാകണം. മാർ അത്തനേഷ്യസ് കോളേജ്, സെന്റ് ജോർജ്, മാർ ബേസിൽ, ദന്തൽ കോളേജ് തുടങ്ങിയ കോളേജുകളും അതുപോലെ സ്കൂളുകളും എല്ലാ രംഗങ്ങളിലും മുന്നിൽ നിൽക്കുന്നുണ്ട്. ഇത് കണക്കിലെടുത്ത്, കായിക കേരളത്തിന്റെ തലസ്ഥാനമായ കോതമംഗലത്ത് കായിക സർവ്വകലാശാല സ്ഥാപിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. കൂടാതെ, കേരളത്തിൽ ഇന്ന് പുതുതായി റെക്കോർഡുകൾ

സൃഷ്ടിക്കുന്നത് ജനറൽ സ്കൂളുകളിലാണ്. എന്നാൽ കായിക രംഗത്ത് സ്പോർട്സ് സ്കൂളുകൾക്കാണ് കൂടുതൽ ആനുകൂല്യം കൊടുക്കുന്നത്. കായിക സ്കൂളുകളുടെ വിദ്യാർത്ഥികൾക്ക് നൽകുന്നതായ ടി.എ., ഡി.എ., പ്രൈസ് മണി, ഡെയിലി അലവൻസ് മുതലായ ഇതര അലവൻസുകൾ ജനറൽ സ്കൂളുകളിൽ മികവ് പുലർത്തുന്ന കായിക വിദ്യാർത്ഥികൾക്കും കായിക അധ്യാപകർക്കും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട റ്റി.യു. കുരുവിള അവർകൾ ഇവിടെ സൂചിപ്പിച്ചതുപോലെ, കായിക സർവ്വകലാശാലയെക്കുറിച്ചുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. ആ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇപ്പോൾ വളരെ പ്രധാനപ്പെട്ട കാര്യം, ഇന്ത്യയിൽ ഏറ്റവും പ്രശസ്തമായ രൂപത്തിലാണ് കായിക രംഗത്ത് കേരളം നിൽക്കുന്നത്. ഏറ്റവും അടുത്തകാലത്ത് നടന്ന ഏഷ്യൻ ഗെയിംസിൽ കേരളത്തിലെ കുട്ടികളാണ് ഏറ്റവും പ്രശസ്തമായ രൂപത്തിൽ ഇന്ത്യക്കുവേണ്ടി ഈ സ്ഥാനമാനങ്ങളും സ്വർണ്ണമെഡലുകളും നേടിയിട്ടുള്ളത്. ഫുട്ബോളിലും കേരളം ഫൈനലിൽ

എത്തിയിട്ടുണ്ട്. 35-ാം നാഷണൽ ഗെയിംസ് വരുമ്പോൾ കേരളത്തിൽ ഗെയിംസിന്റെ അന്തരീക്ഷം നല്ല രൂപത്തിലുണ്ടാകുമെന്നാണ് നമ്മുടെ പ്രതീക്ഷ. കേരളത്തിലുണ്ടായിരുന്ന പോരായ്മ, നമുക്ക് നല്ല കായിക താരങ്ങളുണ്ട്. പക്ഷേ എക്യുപ്മെന്റ്സിന്റെയും സ്റ്റേഡിയങ്ങളുടെയും പരിമിതികളുണ്ടായിരുന്നു. ഇപ്പോൾ 35-ാം നാഷണൽ ഗെയിംസിനോട് അനുബന്ധമായി കുറേയധികം സ്റ്റേഡിയങ്ങൾ ഡെവലപ്പ് ചെയ്യുകയാണ്. സ്റ്റേഡിയം വൺ ടൈം ക്രമീകരണമെന്ന നിലയിൽ നിർമ്മിക്കാൻ പ്രയാസമില്ല, പക്ഷേ അത് നിലനിർത്തുന്നതാണ് പ്രധാനപ്പെട്ട കാര്യം. നമുക്ക് ആ സ്റ്റേഡിയങ്ങളൊക്കെ നിലനിർത്തുന്നതിനുവേണ്ടി ഒരു പ്രത്യേക സംവിധാനം ഉണ്ടാകണം. ഈ നാഷണൽ ഗെയിംസ് കഴിഞ്ഞാലുടൻ ഇപ്പോൾ നമ്മൾ ഉണ്ടാക്കിയെടുത്തിട്ടുള്ള സ്റ്റേഡിയങ്ങൾ പരിപാലിക്കുന്നതിനുള്ള ഒരു പ്രത്യേക സംവിധാനവും ഗവൺമെന്റ് ഉണ്ടാക്കുന്നതാണ്. നമ്മളുടെ കായിക താരങ്ങൾക്ക് നല്ല പരിശീലനം കൊടുക്കണം. കേരളത്തിൽ പി.ടി. ഉഷ നേതൃത്വം കൊടുക്കുന്ന സ്ഥാപനം മാത്രമാണ് ഏറെക്കുറെ ഭംഗിയായി രൂപത്തിൽ പോകുന്നത്. അതോടൊപ്പം സ്പോർട്സ് സ്കൂളുകളുണ്ട് ബഡ്ഡിംഗ് ആയിട്ടുള്ള നമ്മുടെ കുട്ടികളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കോച്ചിംഗ് കൊടുക്കുന്നതിനു വേണ്ടി കുറേ സൗകര്യങ്ങളുണ്ട്. പക്ഷേ, ഒരു കോ-ഓർഡിനേറ്റർ രൂപമില്ല.

ഒളിമ്പിക്സിൽ വരെ എത്താൻ ശക്തിയുള്ള കേരളത്തിലെ ഏറ്റവും പ്രശസ്തരായ കായിക താരങ്ങളെ ആ തലത്തിലേയ്ക്ക് ഉയർത്തിവിടുന്നതിനു വേണ്ടിയുള്ള നടപടിയാണ് നമ്മൾ ആഗ്രഹിക്കുന്നത്. അതുകൊണ്ട് കായിക യൂണിവേഴ്സിറ്റി എന്നുള്ളത് കേരള ജനസമൂഹത്തിന്റെ പൊതു വികാരമായി മാറിയിരിക്കുകയാണ്. യൂണിവേഴ്സിറ്റി അതിന്റെ........

ശ്രീ. സി.ദിവാകരൻ: സർ, പുതിയ ഒരു യൂണിവേഴ്സിറ്റിയുടെ കാര്യമാണ് സഭയിൽ പറയുന്നത്. യൂണിവേഴ്സിറ്റികളുടെ ഇന്നത്തെ സ്ഥിതി അങ്ങേയ്ക്ക് അറിയാം. സംസ്ഥാന സ്പോർട്സ് കൗൺസിലിനെ യൂണിവേഴ്സിറ്റിയാക്കി മാറ്റാമല്ലോ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ നമുക്കിത് ഒരു ചെറിയ രൂപത്തിൽ വിടണ്ട. കേരളത്തിന്റെ സമ്പത്ത് എന്താണ്? കേരളത്തിന്റെ സമ്പത്തും കേരളത്തെക്കുറിച്ച് ലോകത്തിനുമുമ്പിൽ കേരളത്തെ അറിയിക്കുന്നതും ഈ കായിക താരങ്ങൾക്കുള്ള പങ്ക് ചെറുതാണോ? കേരളത്തിൽ ധാരാളം ആളുകൾക്ക് ആ സാധ്യത വേണ്ടേ? വളർന്നുവരുന്ന കുട്ടികളെ നമ്മുടെ സ്വത്തായി പ്രഖ്യാപിക്കുക. കുട്ടികൾ വളരുന്നതിനുവേണ്ടിയുള്ള സാധ്യത വേണ്ടേ? ഈ കാലഘട്ടത്തിൽ കായികരംഗത്തുനിന്ന് ഒരാളെ വളർത്തിയെടുക്കുന്നതിന് എത്രയോ രൂപ ചെലവാണ്. ഒരു പാവപ്പെട്ട കുടുംബത്തിന് അതിന് കഴിയുമോ? അവർക്ക്

അതിനുവേണ്ടിയുള്ള എക്വിപ്മെന്റ്സ് വേണം. ഏറ്റവും നൂതനമായ എക്വിപ്മെന്റ്സിന് വില വളരെ കൂടുതലാണ്. ഞങ്ങൾ ഈ നാഷണൽ ഗെയിംസുമായി ബന്ധപ്പെട്ടപ്പോൾ ഈ എക്വിപ്മെന്റസിന്റെ വിലകളെക്കുറിച്ച് തിട്ടപ്പെടുത്തി നോക്കിയപ്പോൾ വലിയ costly ആണെന്ന് മനസ്സിലായി. ഒരു ചെറിയ സമിതിക്കോ ഒരു സമൂഹത്തിനോ ആ വില താങ്ങാൻ കഴിയില്ല. അതുകൊണ്ടാണ് നമുക്കൊരു നല്ല എസ്റ്റാബ്ലിഷ്മെന്റായി പോകണം. കായിക സർവ്വകലാശാല കേരളത്തിൽ വേണം, അതിനുവേണ്ടിയുള്ള നടപടിയിലേയ്ക്ക് പോകണം. നമ്മുടെ തലമുറ കഴിഞ്ഞിട്ടാണെങ്കിലും കേരളത്തിലെ കുട്ടികൾ ലോകത്തിന്റെ നെറുകയിൽ എത്തുന്ന വിധത്തിൽ അവരെ കൊണ്ടുപോകുന്നതിനുള്ള പ്രോത്സാഹനം അവർക്ക് കൊടുക്കണം അതാണ് നമ്മുടെ ലക്ഷ്യം. സാധാ സർവ്വകലാശാലകൾക്ക് ഒത്തിരി പിശകുകളുണ്ടാകും. അത് ഇല്ലെന്ന് ഞാൻ പറയുന്നില്ല. അതുമിതുമായി താരതമ്യ ചെയ്യുകയോ തർക്കിക്കുകയോ വേണ്ട. പട്യാലയിലുള്ള സർവ്വകലാശാലയെ സംബന്ധിച്ച് എന്ത് അപാകതയാണ് പറയാനുള്ളത്; 'സായി'യുടെ കീഴിൽ കേരളത്തിൽ പ്രവർത്തിക്കുന്ന എൽ.എൻ.സി.പി.-യെ സംബന്ധിച്ച് എന്ത് അപാകതയാണ് പറയാനുള്ളത്. ഇതെല്ലാം പ്രശസ്തമായ രൂപത്തിൽ നിൽക്കുന്നതുകൊണ്ടാണ് നമുക്ക് പിടിച്ചുനിൽക്കാനെങ്കിലും കഴിയുന്നത്.

അതിനെക്കാൾ അപ്പുറത്തേയ്ക്ക് അടുത്ത തലമുറയ്ക്ക് കടന്നുപോകാനുള്ള ഒരു സ്റ്റെപ്പ് നമുക്കുണ്ടാക്കി കൊടുക്കണം. ആ സ്റ്റെപ്പാണ് കേരളം ആഗ്രഹിക്കുന്ന കായിക സർവ്വകലാശാല. ബഹുമാനപ്പെട്ട റ്റി.യു. കുരുവിള നിർദ്ദേശിച്ചത് അതിന്റെ ഹെഡ് ക്വാർട്ടേഴ്സിനെക്കുറിച്ചാണ്. ഞാൻ അതിൽ ഇപ്പോൾ concerned അല്ല. എവിടെ വേണമെന്നുള്ളത് പിന്നീട് ആലോചിക്കാം. പക്ഷേ, കേരളത്തിന്റെ ഈ പൊതുവികാരം നമുക്ക് ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ട് പോകാൻ കഴിയണമെന്നുള്ളതാണ് പ്രമുഖമായ കാര്യം. ഇവിടെ നേരത്തെ അങ്ങ് സൂചിപ്പിച്ച സ്കൂൾ ഗെയിംസിലെ കുട്ടികൾക്കുള്ള പ്രോത്സാഹനം എജ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുള്ളതാണ്. ഇക്കാര്യം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി സംസാരിച്ചിരുന്നു. ഇന്നിപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നതിനേക്കാൾ ഇരട്ടിത്തുക അവർക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള സ്റ്റെപ്പ് വിദ്യാഭ്യാസവകുപ്പിൽ നിന്ന് എടുത്തിട്ടുണ്ടെന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായുള്ള സംസാരത്തിൽ നിന്ന് എനിക്ക് മനസ്സിലായിട്ടുള്ളത്. പക്ഷേ, അത് മറ്റ് പല ഘടകങ്ങളിൽ നിന്നും കടന്നുവരണം. അങ്ങനെ വന്നാൽ അതും കറക്ടായി പോകും. ഏതായാലും ഒരു കാര്യം ഉറപ്പാണ്, നമ്മുടെ കായികക്ഷമതയുള്ള ഏറ്റവും നല്ല ടാലന്റുള്ള കുട്ടികളെ

പ്രോത്സാഹിപ്പിക്കുന്നതിന് മാക്സിമം സഹായം കേരളം ചെയ്യിരിക്കും അതാണ് എനിക്ക് ഉറപ്പിക്കാനുള്ളത്.

## റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റി ബിൽ

ശ്രീ. അൻവർ സാദത്ത്: സർ, മോട്ടോർവാഹന വകുപ്പിന്റെയും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡ്രൈവിംഗ് സ്കൂൾ സ്ഥാപനങ്ങളുടെയും ഗതാഗത മേഖലയും വൻകിട കോർപ്പറേറ്റുകൾക്ക് വിൽക്കുന്ന പുതിയ റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റി ബില്ലിൽ നിന്നും കേന്ദ്ര സർക്കാരിനെ പിന്തിരിപ്പിക്കാനാണ് ഈ സബ്മിഷൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഈ ബിൽ നിലവിൽ വന്നാൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്താനും അവയുടെ ഫീസ് ചുമത്തുവാനുള്ള അധികാരം സ്വകാര്യ ഏജൻസികൾക്ക് കൈമാറും. ഈ ഏജൻസികൾക്കുമേൽ സംസ്ഥാന സർക്കാരിന് യാതൊരു നിയന്ത്രണമോ അധികാരമോ ഉണ്ടാകില്ല. ലേണേഴ്സ് ലൈസൻസ് നേടാൻ ശാരീരികക്ഷമതയും, രേഖകളുടെ പരിശോധനയും ഉണ്ടാകില്ല. ഡ്രൈവിംഗ് പഠിപ്പിക്കുന്നതും ലൈസൻസ് നൽകുന്നതും ഓരോ ഏജൻസിയായിരിക്കും എന്നുള്ള വിചിത്രമായ ബില്ലാണ് കേന്ദ്ര സർക്കാർ കൊണ്ടുവരുന്നത്. ഇതോടെ യുവജനങ്ങൾക്ക് ചുരുങ്ങിയ തുകയ്ക്ക് ഡ്രൈവിംഗ് പഠിച്ച് ജോലി നേടാനുള്ള അവസ്ഥ ഇല്ലാതാകുകയും ഡ്രൈവിംഗ് ലൈസൻസ് എടുക്കാൻ

വൻ തുക ഫീസായി നൽകേണ്ടി വരികയും ചെയ്യും. അതോടൊപ്പം മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരും ഡ്രൈവിംഗ് സ്കൂളുമായി ബന്ധപ്പെട്ട ജീവനക്കാരും തൊഴിൽരഹിതരായി മാറുന്ന അവസ്ഥയും ഉണ്ടാകും. ഇതോടെ ഈ മേഖലയെ ആശ്രയിക്കുന്ന ഇരുപത്തിഅയ്യായിരം കുടുംബങ്ങൾ വഴിയാധാരമാകുന്ന സാഹചര്യമാണ് ഇന്ന് നമ്മുടെ നാട്ടിൽ കാണാൻ പോകുന്നത്. ഈ വിഷയത്തിൽ പ്രതിഷേധിച്ച് ഇന്ന് എല്ലാ യൂണിയനുകളുടെയും ആഭിമുഖ്യത്തിൽ, നമ്മുടെ സഭയിലെ അംഗമായ ബഹുമാന്യനായ ശ്രീ. പാലോട് രവി എം.എൽ.എ.യുടെ നേതൃത്വത്തിൽ ആൾ കേരള മോട്ടോർ ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടേഴ്സ് ആന്റ് വർക്കേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ഇന്ന് രാജ്ഭവൻ മാർച്ച് നടന്നുവരുകയാണ്. നമ്മുടെ പ്രിയങ്കരനായ ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ആ മാർച്ചിൽ പങ്കെടുത്തതിനുശേഷം സഭയിൽ വന്നിട്ടുണ്ട്. അവിടെ തൊഴിൽ രഹിതരാകുന്ന ആയിരക്കണക്കിന് ജനങ്ങളാണ് മാർച്ചിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നത്. അതുപോലെ ഡ്രൈവിംഗ് സ്കൂൾ ഓണേഴ്സ് സമിതിയും അങ്ങേയ്ക്ക് നിവേദനം നൽകിയതായി അറിയാൻ സാധിച്ചു. ഈ സഭയുടെ അകത്തും പുറത്തും ഇങ്ങനെയൊരു പ്രതിഷേധവും പ്രക്ഷോഭവും ഉണ്ടായ സാഹചര്യത്തിൽ അങ്ങ് മുൻകൈ എടുത്ത് ഈ സഭയിൽ പ്രമേയമായി കൊണ്ടുവന്ന് സഭയുടെ പൊതുവികാരം

കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അങ്ങയോട് അഭ്യർത്ഥിക്കുന്നത്.

<u>ശ്രീ. എളമരം കരീം</u>: സർ, ഞാൻ ഈ വിഷയം ശ്രദ്ധക്ഷണിക്കലായി കൊണ്ടുവന്നെങ്കിലും അന്ന് അവതരിപ്പിക്കാൻ കഴിഞ്ഞില്ല. ഈ ബിൽ വന്നാൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ പോകും, നമ്മുടെ മൊത്തം ട്രാൻസ്പോർട്ട് ആകെ പോകും. അതുമാത്രമല്ല നികുതി പിരിക്കാനുള്ള അവകാശം പോലും സംസ്ഥാനത്തിനുണ്ടാകില്ല. ഇത് ഫെഡറൽ തത്വത്തിനുപോലും എതിരാണ്. ആ നിലയിൽ ശ്രീ. അൻവർ സാദത്ത് പറഞ്ഞ നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെങ്കിൽ നാളെ നമുക്കത് പ്രമേയമായി കൊണ്ടുവരാം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ശ്രീ. അൻവർ സാദത്ത് ഏറ്റവും ഗൗരവമുള്ള ഒരു പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. ശ്രീ. എളമരം കരീം ഇത് നേരത്തെ ശ്രദ്ധക്ഷണിക്കലായി തന്നിരുന്നു. പക്ഷേ അന്ന് സഭ കൂടാൻ കഴിയാഞ്ഞതുകൊണ്ട് അതിവിടെ അവതരിപ്പിച്ചില്ല. ഈ നിയമത്തെ സംബന്ധിച്ച് എട്ട് പ്രധാനപ്പെട്ട തർക്കങ്ങളാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്. ആ തർക്കങ്ങളിലെ ഏറ്റവും

പ്രധാനപ്പെട്ട ഒരു കാര്യം, ശ്രീ. അൻവർ സാദത്ത് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. Unified Driving Licence system കൊണ്ടുവരുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റ് ശ്രമിക്കുകയാണ്. അത് വരുമ്പോഴേക്കും ഒരുകോടിയോളം ഡ്രൈവിംഗ് ലൈസൻസുള്ള ആളുകൾ കേരളത്തിലുണ്ട്. രണ്ട് വർഷത്തിനകം അവരെല്ലാം പുതിയ ലൈസൻസ് എടുക്കണമെന്നുള്ളതാണ് ഇവരുടെ നിബന്ധന. അതുവന്നാൽ ഇപ്പോൾ ലൈസൻസുള്ള ആളുകൾതന്നെ വീണ്ടും രണ്ട് വർഷത്തിനകം ലൈസൻസ് എടുക്കണമെന്ന് പറഞ്ഞാൽ നിലവിൽ ഇന്റർനാഷണൽ ഡ്രൈവിംഗ് ലൈസൻസുള്ള ആളുകൾ പോലും ഇതിനുവേണ്ടി കയറിയിറങ്ങേണ്ടിവരും. അതിനുവേണ്ടി കേരളത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ട് ചെറുതല്ല, വളരെ ഭീകരമാണ്. അതാണ് ശ്രീ. അൻവർ സാദത്ത് ഇവിടെ സൂചിപ്പിച്ചത്. അതിനുവേണ്ടിയാണ് ഇന്നിപ്പോൾ രാജ്ഭവൻ മാർച്ച് നടത്തുന്നുവെന്ന് ഇവിടെ പറഞ്ഞത്. അതിനുവേണ്ടിയാണ് നമ്മുടെ എം.എൽ.എ. മാർ അവിടെ പോയത്. ശ്രീ. വി. ഡി. സതീശൻ പോയിട്ട് മടങ്ങിവന്നു. ശ്രീ. പാലോട് രവിയുടെ നേതൃത്വത്തിലുള്ള സംഘടനയുണ്ട്. അതൊക്കെ ഇതുമായി ബന്ധപ്പെട്ട കാര്യമാണ്. ഇതുസംബന്ധിച്ച് ശ്രീ. നിഥിൻ ഗഡ്കരി ഡൽഹിയിൽ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടിയിരുന്നു. കേരളത്തിന്റെ ബുദ്ധിമുട്ടുകൾ അവിടെ അവതരിപ്പിക്കുകയുണ്ടായി. കേരളത്തിന് അത്

അംഗീകരിക്കാൻ കഴിയാത്ത കാരണം, സംസ്ഥാന ഗവൺമെന്റുകൾക്ക് ഇപ്പോഴുള്ള അധികാരം കവർന്നുപോകുന്നു എന്നുള്ളതുതന്നെയാണ്. ഭരണഘടനയിലെ അനുശ്ചേദത്തിനകത്ത് സംസ്ഥാന ഗവൺമെന്റിന് കൊടുത്തിട്ടുള്ള അധികാരങ്ങളുടെ ഷെഡ്യൂളിനകത്ത് കയ്യേറ്റം നടക്കുന്നു. അതുകൊണ്ട് അത് സംസ്ഥാനവുമായി ആലോചിച്ചുമാത്രമെ ചെയ്യാവൂ എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട തർക്കമായി ഞങ്ങൾ പറഞ്ഞത്. റോഡ് ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബിൽ പ്രാബല്യത്തിൽ വരികയാണെങ്കിൽ സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നിലവിലുള്ള നിയമത്തിന്റെ ചട്ടങ്ങളുണ്ടാക്കാൻ കഴിയും. പക്ഷേ ആ ചട്ടങ്ങളുണ്ടാക്കാനുള്ള നമ്മുടെ അധികാരങ്ങൾ പോകുകയാണ്. സംസ്ഥാനത്ത് തങ്ങളുടേതായ ഒരു ചട്ടമുണ്ടാക്കാൻ കഴിയില്ല. ഈ ബില്ലിന്റെ ഇരുപത്തിമൂന്നാം വകുപ്പ് പ്രകാരം സംസ്ഥാന സുരക്ഷാ അതോറിറ്റി രൂപീകരിക്കാൻ നിഷ്ക്കർഷിക്കുന്നുണ്ട്. ഈ സംസ്ഥാന സുരക്ഷാ അതോറിറ്റിയുടെ കീഴിൽ ഒരു ഏജൻസിയെ സംസ്ഥാന സർക്കാർ തീരുമാനിക്കണമെന്നാണ് നിർദ്ദിഷ്ട ബില്ലിൽ പറയുന്നത്. അത് വരുമ്പോൾ സംസ്ഥാനങ്ങൾക്ക് മൊത്തത്തിലുള്ള അധികാരങ്ങൾ ഇല്ലാതായിപ്പോകും. അതുകൊണ്ട് അതിനോട് യോജിക്കാൻ കഴിയില്ലെന്നുള്ള കാര്യം ഇന്ത്യാ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഈ ബില്ലിന്റെ ഇരുപത്തി നാലാം വകുപ്പിലും

റോഡ് സുരക്ഷാ അതോറിറ്റിയുടെ രൂപീകരണത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ടെങ്കിലും പ്രസ്തുത അതോറിറ്റിയുടെ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും ശരിയായ രീതിയിൽ നിർവ്വഹിച്ചിട്ടില്ല. മറ്റൊരു വസ്തുത, സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയുടെ ചെയർ പേഴ്സനെ നിയമിക്കുന്നത് ഇന്ത്യാ ഗവൺമെന്റാണെന്നാണ് വച്ചിട്ടുള്ളത്. അപ്പോൾ ഈ സംസ്ഥാനത്തിനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിലേക്ക് പോകുന്നു. അതോടൊപ്പം സംസ്ഥാന ഗവൺമെന്റിന്റെ അധികാരം ഇല്ലാതാകുകയും ചെയ്യുകയാണ്. ഇവിടെ Unified Driving Licence-നെക്കുറിച്ച് പറഞ്ഞു. അതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. അടുത്ത ഏറ്റവും പ്രധാനപ്പെട്ട കാര്യം അന്തർസംസ്ഥാന പെർമിറ്റുകൾ കൊടുക്കുന്നതിന് നിയമപ്രകാരം കേന്ദ്ര അതോറിറ്റിക്കുമാത്രമെ സാദ്ധ്യമാകുകയുള്ളൂ. അന്തർസംസ്ഥാന പെർമിറ്റ് കൊടുക്കാനുള്ള നിലവിലുള്ള വ്യവസ്ഥ ലംഘിച്ചുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റിലേക്ക് ഈ അധികാരം പോകുന്നത്. ഇത് കെ.എസ്. ആർ.ടി. സി. ഉൾപ്പെടെയുള്ള വാഹന ഉടമകളെ വളരെ ദോഷകരമായി ബാധിക്കും. സംസ്ഥാനത്തിന്റെ ഖജനാവിന് വരുമാന ചോർച്ച ഉണ്ടാകുകയും ചെയ്യും. റോഡ് ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബില്ലിന്റെ 86-ാം വകുപ്പിലെ ഒന്നാം ഉപ വകുപ്പിൽ മോട്ടോർ വാഹന നികുതി പിരിക്കുന്നതിനുള്ള അധികാരം

തിട്ടപ്പെടുത്തിയിരിക്കുന്നു. അത് കേന്ദ്ര ഗവൺമെന്റിന്റേതാണെന്നാണ് അവർ പറഞ്ഞിട്ടുള്ളത്. ഈ നടപ്പുസാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന വകുപ്പ് പിരിക്കണമെന്ന് വച്ചിട്ടുള്ള 2,800 കോടി രൂപയുണ്ട്. ഓരോ വർഷവും ഈ തുക വർദ്ധിച്ചാണ് വരുന്നത്. കഴിഞ്ഞ വർഷത്തേക്കാൾ നാല്പത് ശതമാനം കൂടുതലാണ് ഈ വർഷം വച്ചിട്ടുള്ള ടാർജറ്റ്. ആ ടാർജറ്റിനകത്ത് 2,800 കോടി രൂപയാണ് ഈ വർഷം തീരുമാനിച്ചിട്ടുള്ളത്. ഈ കളക്ഷനെല്ലാം ഇന്ത്യാ ഗവൺമെന്റിന്റെ കയ്യിലേക്ക് പോകുകയാണ്. എന്നിട്ട് ഒരു ഇലക്ട്രോണിക് പ്ലാറ്റ്ഫോം ഉണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് അവർ പണം തരുന്നതായിട്ടാണ് വന്നുനിൽക്കുന്നത്. ഇപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ കയ്യിലുള്ള അധികാരമെല്ലാം കവർന്നെടുക്കുകയും, സംസ്ഥാന ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന കളക്ഷനെല്ലാം കേന്ദ്ര ഗവൺമെന്റ് എടുത്തതിനുശേഷം അവസാനം അവർ ഇലക്ട്രോണിക് പ്ലാറ്റ്ഫോമിലൂടെ നമുക്ക് തിരിച്ച് തരുമെന്നുപറഞ്ഞാൽ സംസ്ഥാന ഗവൺമെന്റ് എന്നുള്ള നിലയിൽ നമുക്ക് അതിനോട് യോജിക്കാൻ കഴിയില്ല. 1988-ലെ Motor Vehicle Act, Chapter-VI-ൽ അനുവദിച്ചിട്ടുള്ള പ്രത്യേക അവകാശങ്ങൾ ഇതോടുകൂടി ഇല്ലാതാകുകയാണ്. പൊതുമേഖലയേയും സ്വകാര്യമേഖലയേയും ഒരുപോലെ പ്രോത്സാഹിപ്പിക്കുകയും

അതോടൊപ്പം പട്ടണങ്ങളിലും പട്ടണങ്ങളെ തമ്മിലും ബന്ധിപ്പിച്ചുകൊണ്ടുള്ള എല്ലാവിധ ഗതാഗത സൗകര്യങ്ങളും ഉപയോഗിച്ച് ഒരു സമാന്തര നവീന ഗതാഗത സംവിധാനം ഒരുക്കുന്നതിനുള്ള നിർദ്ദേശമാണ് ഈ ബില്ലിൽ മുന്നോട്ടുവച്ചിട്ടുള്ളത്. ഈ രണ്ട് നിർദ്ദേശങ്ങളും നടപ്പിൽ വന്നാൽ ഇന്ത്യയിലെ മുഴുവൻ ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളും അടച്ചുപൂട്ടുന്നതിന് അന്തരീക്ഷമുണ്ടാകും. ഞാൻ മനസ്സിലാക്കിയിടത്തോളം സെൻട്രൽ ട്രേഡ് യൂണിയനുകളെല്ലാം ഇതിനെ എതിർക്കുകയാണ്. ഈ ബില്ലിന്റെ ഇൻട്രൊഡക്ഷനെ എതിർത്തുകൊണ്ട് അവർ പാർലമെന്റ് മാർച്ച് നടത്തുകയാണ്. അതുകൊണ്ട് സംസ്ഥന ഗവൺമെന്റ് ഈ കാര്യത്തോട് യോജിക്കുന്നില്ല. കോർപ്പറേഷനുകൾക്ക് അവകാശം പൂർണ്ണമായും ഇല്ലാതാകും. 1950-ലെ ആർ.ടി.സി. ആക്ടിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളുടെ ഉന്നമനത്തിനായുള്ള എല്ലാ വ്യവസ്ഥകളും തകരുന്നതിന് ഇടയാകുന്നതാണ്. റോഡ് സേഫ്റ്റി ബില്ലിന്റെ 73 (1) വകുപ്പ് പ്രകാരം ഡ്രൈവിംഗ് പരിശീലനം നൽകാൻ ആഗ്രഹിക്കുന്ന സ്കൂളുകൾ അല്ലെങ്കിൽ സ്ഥാപനം കോംപീറ്റന്റ് അതോറിറ്റി സമക്ഷം രജിസ്റ്റർ ചെയ്യേണ്ടതാണ്. 73(2) വകുപ്പുപ്രകാരം രജിസ്ട്രേഷൻ മാനദണ്ഡങ്ങൾ ദേശീയ അതോറിറ്റിയായിരിക്കും നിർണ്ണയിക്കുക. നിലവിലുള്ള കരട് റോഡ് സേഫ്റ്റി ബില്ലിന്റെ ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനത്തെ ഗുരുതരമായി

ബാധിക്കുന്നു. അതാണ് ബഹുമാനപ്പെട്ട അൻവർ സാദത്ത് ഉന്നയിച്ച ഒരു പ്രധാനപ്പെട്ട പ്രശ്നം. അതുകൊണ്ട് അത് സംസ്ഥാനങ്ങളുടെ പൊതു താൽപ്പര്യങ്ങളെ വളരെ ദോഷകരമായി ബാധിക്കും. അതുകൊണ്ട് ഈ ബില്ലിനകത്ത് തിരുത്തലുകൾ ഉണ്ടായേ മതിയാകൂ. ഷെഡ്യൂൾ ചെയ്ഞ്ച് ചെയ്യുന്നതുകൊണ്ട് സംസ്ഥാനത്തിനുള്ള അധികാരം മുഴുവനും കവർന്നുപോകുന്നു. അതിനോട് യോജിക്കാൻ കേരള സംസ്ഥാനത്തിന് കഴിയില്ല എന്നുള്ളത് ശ്രീ. നിഥിൻ ഗഡ്കരി വിളിച്ചുകൂട്ടിയ യോഗത്തിൽ കേരള ഗവൺമെന്റിന്റെ ഒപ്പീനിയൻ അറിയിച്ചിട്ടുണ്ട്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഇതൊരു പ്രമേയമായി കൊണ്ടുവരാൻ കഴിയുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അത് ബി.എ.സി. യാണ് തീരുമാനിക്കുന്നത്. ഇതുപോലൊരു സഭയിൽ ഞാൻ ഏകപക്ഷീയമായി പറയേണ്ട കാര്യമല്ല. പ്രമേയം കൊണ്ടുവരണമെന്നുള്ളത് കക്ഷി നേതാക്കൻമാർ എല്ലാവരുംകൂടി ആലോചിക്കണം. ബി.എ.സി. അതിനൊരു ടൈം തരണം. സഭ തീരാൻ ഇനി ഒരു ദിവസംകൂടി മാത്രമെയുള്ളൂ. അങ്ങനെ ഒരു ടൈം അലോട്ട് ചെയ്ത് ലഭിക്കുകയാണെങ്കിൽ പ്രമേയം കൊണ്ടുവരണമെന്നുള്ള കാര്യത്തിനകത്ത് ഡിപ്പാർട്ട്മെന്റിനും ഗവൺമെന്റിനും ഒരേ അഭിപ്രായമാണുള്ളത്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ ആകെ മുപ്പത് സബ്മിഷനുകളുണ്ട്, ഇനി പത്ത് സബ്മിഷൻ ബാക്കിയുണ്ട്. മന്ത്രിമാരും അംഗങ്ങളും ചുരുക്കിയില്ലെങ്കിൽ സമയം വളരെ വൈകും.

## <u>വിഭിന്നശേഷിയുള്ളവരുടെ സുരക്ഷ ഉറപ്പാക്കൽ</u>

<u>ശ്രീ. ആർ. സെൽവരാജ്</u>: സർ, സംസ്ഥാനത്ത് വിഭിന്ന ശേഷിയുള്ള ആളുകൾക്ക് സഹായകരമാകുന്ന സൗകര്യങ്ങൾ പൊതു സ്ഥലങ്ങളിലും ആശുപത്രി, സ്കൂളുകൾ, വ്യാപാര സമുച്ചയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലും സ്ഥാപിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചെങ്കിലും ഇത് മിക്ക സ്ഥലങ്ങളിലും നടപ്പിലാക്കി കാണുന്നില്ല. വീൽ ചെയർ, റാമ്പുകൾ, പ്രത്യേക സൗകര്യമുള്ള ടോയ്‌ലറ്റുകൾ ഇവയൊന്നുംതന്നെ സ്ഥാപിച്ചിട്ടില്ല. സ്വന്തമായി ചലിക്കുവാൻ പോലും കഴിവില്ലാത്ത ഇവരെ സംരക്ഷിക്കേണ്ട ബാദ്ധ്യത സർക്കാരിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തെ വിഭിന്നശേഷിയുള്ള ആളുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, 1995-ലെ Persons with Disabilities Act-ലെ വ്യവസ്ഥകളനുസരിച്ച് വിഭിന്ന ശേഷിയുള്ള ആളുകൾക്കായുള്ള ഒട്ടേറെ ക്ഷേമപദ്ധതികൾ കാലാകാലങ്ങളിൽ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ബിൽഡിംഗ് റൂളിൽ ഭേദഗതി വരുത്തുകയും 2011-നുശേഷം നിർമ്മിക്കുന്ന എല്ലാ ബഹുനില മന്ദിരങ്ങളിലും ലിഫ്റ്റ്, റാമ്പ്, അഡാപ്റ്റീവ് ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങളുണ്ടോയെന്ന് നിർബന്ധമായും ഉറപ്പാക്കിയതിനുശേഷം മാത്രമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത്. 2011-നുമുമ്പുള്ള കെട്ടിടങ്ങളിൽ 1000 സ്ക്വയർ മീറ്ററിലധികം അളവുള്ള പ്രതലങ്ങൾ ബാരിയർ ഫ്രീയാക്കാനും വിഭിന്ന ശേഷിയുള്ളവരുടെ വീൽ ചെയർ കടന്നെത്തുന്നതിന് സൗകര്യമുള്ള അഡാപ്റ്റീവ് ടോയ്‌ലറ്റുകൾ സ്ഥാപിക്കാനും നടപടികൾ കൈക്കൊണ്ടുവരുന്നു. സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, ചീഫ് ടൗൺ പ്ലാനർ, ചീഫ് ആർക്കിടെക്ട്, ചീഫ് എഞ്ചിനീയർ, വികലാംഗ കമ്മീഷണർ എന്നിവർ ഉൾപ്പെട്ട സംസ്ഥാന ഉന്നതതല സമിതി ഈ വിഷയം അവലോകനം നടത്തിവരുന്നു. ജില്ലാതലസ്ഥാനങ്ങൾ, സിവിൽ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ,

പാർക്കുകൾ എന്നിവിടങ്ങൾ വികലാംഗ സൗഹൃദമാക്കുന്നതിലേക്കായി ജില്ലകളിലെ വകുപ്പ് മേധാവികളുടെ യോഗം എല്ലാ ജില്ലകളിലും വിളിച്ചുകൂട്ടി ആക്സസ് ഓഡിറ്റ് നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ തലസ്ഥാനങ്ങളിൽ വിഭിന്ന ശേഷിയുള്ളവർ എത്തുന്ന പൊതു സ്ഥലങ്ങളിൽ ബാരിയർ ഫ്രീ അല്ലാത്ത കെട്ടിടങ്ങളുടെ കണക്കെടുപ്പ് നടത്തുന്നതിനായി ജില്ലാ സാമൂഹ്യനീതി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ തലത്തിൽ access for whole എന്ന വിഷയത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. കലാലയങ്ങൾ, സ്കൂൾ, മറ്റ് സ്കൂളുകൾ, കൊളീജിയേറ്റ് എഡ്യൂക്കേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ വിഭിന്ന ശേഷിയുള്ളവരുടെ വീൽ ചെയർ കടന്നെത്തുന്ന അഡാപ്റ്റീവ് ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സംരംഭത്തിന് തുടക്കം കുറിച്ചുകഴിഞ്ഞു. ഭാരതത്തിലാദ്യമായി ക്ലേശരഹിത സഞ്ചാര സൗകര്യം ഉറപ്പാക്കുന്നതിനുള്ള ബ്രോഷറുകൾ കമ്മീഷണറേറ്റിന്റെ ഭാഗമായി തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ഈ കേന്ദ്രവുമായി ടേക്ക്-അപ് ചെയ്ത് കണ്ണൂർ ജില്ല പൈലറ്റ് പ്രോജക്ടായി സമ്പൂർണ്ണ ആക്സസ് ഫ്രീയായിട്ടുള്ള ജില്ലയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ജില്ലാ കളക്ടറുമായുള്ള യോഗം ഇതുസംബന്ധിച്ച് പഞ്ചായത്ത് അധികൃതരുമായി അടുത്ത ആഴ്ച ചേരുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് പെൻഷൻ**

ശ്രീ. പി. എ. മാധവൻ: സർ, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായി അനേകം വർഷം സേവനമനുഷ്ഠിച്ച പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കണം എന്ന ആവശ്യം കഴിഞ്ഞ കുറെ കാലമായി പരിഹരിക്കപ്പെടാത്ത പ്രശ്നമായി നിലനില്ക്കുകയാണ്. മുൻകാലങ്ങളിൽ അതീവ ശോചനീയമായിരുന്ന ഗ്രാമപ്രദേശങ്ങളുടെ ഊടുവഴികളിലൂടെയും ഇടവഴികളിലൂടെയും കാൽനടയായി നിസ്വാർത്ഥ സേവനത്തിന് നേതൃത്വം നല്കിയിരുന്നവരാണ് പഞ്ചായത്ത് അംഗങ്ങൾ. ഗ്രാമപ്രദേശങ്ങൾ ഇന്നത്തെ നിലയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് പഞ്ചായത്തംഗങ്ങൾ വഹിച്ച പങ്കിനെ ചെറുതായി കാണാൻ കഴിയില്ല. ഒരു നേരത്തെ ഭക്ഷണത്തിനുപോലും കഴിവില്ലാത്ത രോഗികളും നിരാലംബരുമായി ശിഷ്ടജീവിതം തള്ളിനീക്കുന്ന അനേകായിരം പഞ്ചായത്ത് അംഗങ്ങൾ ഉണ്ട്. പലരും ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് പെൻഷൻ കുറച്ച് കാലമായി സർക്കാർ നിത്യേന എന്നോളം വാഗ്ദാനം ചെയ്തുവരികയാണ്. മുൻ പഞ്ചായത്ത് മെമ്പർമാർ ഈ ആവശ്യങ്ങൾ ഉന്നയിച്ച് ഒട്ടനവധി സമരങ്ങൾ

സംസ്ഥാനവ്യാപകമായി നടത്തിവന്നു. ഇന്ന് സെക്രട്ടേറിയറ്റ് പടിക്കൽ ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് മുൻ പഞ്ചായത്ത് അംഗങ്ങളുടെ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഒരു ധർണ നടന്നുവരികയാണ്. എല്ലാ കാലത്തും മുഖ്യമന്ത്രിയായാലും ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴായാലും ഏതെങ്കിലും ഒരു വിഷയത്തിൽ ചർച്ച വരുമ്പോഴായാലും ആവർത്തിച്ച് ആവർത്തിച്ച് നല്കുന്ന ഒരു വാഗ്ദാനമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻകാല അംഗങ്ങളുടെ പെൻഷൻ നിലനില്ക്കുന്നു. ഈ വാഗ്ദാനം കാലവിളംബം കൂടാതെ യാഥാർത്ഥ്യമാക്കാൻ ബഹുമാനപ്പെട്ട മന്ത്രി വളരെ സുവ്യക്തമായ ഒരു ഉറപ്പ് നല്കുന്നതിന് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, നാടിനുവേണ്ടി വളരെയധികം ത്യാഗം സഹിച്ച് പൊതുരംഗത്ത് പ്രവർത്തിച്ചിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും വാർദ്ധക്യകാലത്ത് പലവിധ രോഗങ്ങൾ ബാധിച്ച് മരുന്നു വാങ്ങാൻപോലും സാമ്പത്തികശേഷിയില്ലാതെ കഷ്ടപ്പെടുന്ന കാര്യം സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ തുക കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തി അവരുടെ പ്രീമിയം സാമൂഹ്യ സുരക്ഷാ മിഷൻ അടച്ച് ചികിത്സാ ധനസഹായം നല്കുന്നതിന് ഉത്തരവായി കഴിഞ്ഞിട്ടുണ്ട്. കൂടാതെ ത്രിതല പഞ്ചായത്തുകളിലെയും കോർപ്പറേഷനുകളിലെയും മുൻ ജനപ്രതിനിധികൾക്ക് തിരിച്ചറിയൽ കാർഡുകൾ അനുവദിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ഇത് രണ്ടും ഈ ഗവൺമെന്റ് വന്നശേഷം നല്കിയിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുറഞ്ഞത് 5 വർഷം പൂർത്തിയാക്കിയ 60 വയസ്സ് കഴിഞ്ഞ മറ്റൊരു പെൻഷനും ലഭിക്കാത്ത മുൻ ജനപ്രതിനിധികൾക്ക് ഉപാധികളോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നും പെൻഷൻ അനുവദിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള ഫയൽ ക്യാബിനറ്റിന്റെ മുന്നിൽ എത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയടക്കം ചർച്ച ചെയ്ത് ഇത് സർക്കാരിന്റെ സജീവമായ പരിഗണനയിൽ ഉണ്ട് എന്നതിന്റെ തെളിവാണ് ക്യാബിനറ്റിന്റെ മുന്നിൽ എത്തിയത്. തീരുമാനമെടുക്കുന്നതിന് കുറച്ചുകൂടി

ആലോചിക്കണം  എന്നു പറഞ്ഞ് അത് മാറ്റിവച്ചു.

## ഇനാം പട്ടയം കൈവശമുള്ളവർക്ക് പോക്കുവരവ് ലഭ്യമാക്കൽ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, രാജാവിൽനിന്നും ദേവസ്വത്തിന് ഇനാമായി കിട്ടിയ ഭൂമിയാണ് ഇനാം ഭൂമി എന്നു പറയുന്നത്. ആ ഭൂമി പില്ക്കാലത്ത് കുടികിടപ്പുകാർക്കും സാധാരണക്കാർക്കുമായി കൊടുത്തിരിക്കുകയാണ്. അവർക്ക് ലഭിച്ച പട്ടയമാണ് ഇനാം പട്ടയം. കുറെ നാളുകളായി ആ പട്ടയം ലഭിച്ച സാധാരണക്കാരായ ആളുകൾക്ക് അത് പോക്കുവരവ് നടത്തി കിട്ടുന്നില്ല. അതുകൊണ്ട് ഇനാം പട്ടയം കൈവശമുള്ളവർക്ക് പോക്കുവരവ് നടത്തി കൊടുക്കാനുള്ള ഒരു നടപടി  സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സർവ്വീസ് ഇനാം ഭൂമിയുടെ കൈവശക്കാർക്ക് ടി ഭൂമി പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി 21.02.2009-ലെ ഉത്തരവുപ്രകാരം 31.11.2001 വരെ ദീർഘിപ്പിച്ച് നല്കിയിരുന്നു. മേൽ തീയതിക്കുശേഷം ലഭിച്ച പട്ടയ അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കി പട്ടയം അനുവദിച്ചിട്ടുള്ളതായും നിലവിൽ 500-ൽ അധികം

അപേക്ഷകളിൽ വിവിധ ഇനാം സെറ്റിൽമെന്റ് ഓഫീസുകളിലായി തീർപ്പാക്കാൻ അവശേഷിച്ചിട്ടുള്ളതായും കൂടാതെ സമയപരിധി കഴിഞ്ഞതിനാൽ അപേക്ഷകൾ നിരസിക്കേണ്ടിവരുന്ന സാഹചര്യങ്ങൾ ഉള്ളതായും ലാൻഡ് ബോർഡ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സമയപരിധി 31.12.2015 വരെ ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്. അതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. ടി വിജ്ഞാപനത്തിന് മുൻകാല പ്രാബല്യമില്ലാത്തതിനാൽ 01.12.2001-നും ടി വിജ്ഞാപനം നിലവിൽ വന്ന് 28.11.2014-നും ഇടയിലുള്ള കാലയളവിൽ സർവ്വീസ് ഇനാം പട്ടയങ്ങൾ അനുവദിച്ചു നല്കിയ നടപടി അടിയന്തരമായി സാധൂകരിക്കുന്നതാണ്.

## കൃഷിനാശം നേരിടുന്നവർക്ക് ധനസഹായം വർദ്ധിപ്പിക്കൽ

ശ്രീ. സണ്ണി ജോസഫ്: സർ, പ്രകൃതിക്ഷോഭംമൂലം വീട്, വസ്തുവകകൾ കൃഷി, എന്നിവയ്ക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്കെല്ലാം നല്കുന്ന നഷ്ടപരിഹാര സംഖ്യ വളരെ ഗണ്യമായി വെട്ടിക്കുറച്ചുകൊണ്ട് 2014 ഓഗസ്റ്റ് 21-ൽ 361-ാം നമ്പരായി ഗവൺമെന്റ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഉത്തരവിന്റെ പ്രത്യേകത 16.01.2014-ന്റെ മുൻകാലപ്രാബല്യത്തോടെ നടപ്പിലാക്കുമെന്നാണ്.

പ്രകൃതിക്ഷോഭംവഴി പൂർണ്ണമായി വീട് നഷ്ടപ്പെടുന്ന ആളുകളുണ്ട്. മണ്ണൊലിപ്പും ഉരുൾപൊട്ടൽ വഴിയും കൃഷിസ്ഥലങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന ആളുകൾക്ക് നല്കിവരുന്ന നഷ്ടപരിഹാരസംഖ്യ വർദ്ധിപ്പിക്കണം എന്ന ആവശ്യം നിലനിൽക്കെയാണ് കേന്ദ്ര ഗവൺമെന്റിന്റെ ഒരു ഉത്തരവിനെ ക്വാട്ട് ചെയ്തുകൊണ്ട് ഇത് ഗണ്യമായി കുറച്ചിട്ടുള്ളത്. ഉദാഹരണത്തിന് മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ വഴി ഒരു ഹെക്ടർ ഭൂമി നഷ്ടപ്പെടുന്ന ഒരു വ്യക്തിക്ക് നല്കുന്ന നഷ്ടപരിഹാരം 25,000/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. അതുകൂടാതെ 25,000/- രൂപയ്ക്ക് താഴെയായും നിജപ്പെടുത്തിയിരിക്കുന്നു. വീട് പൂർണ്ണമായും നഷ്ടപ്പെടുന്ന ഒരു വ്യക്തിക്ക് നല്കുന്നത് 1,00,000/- രൂപയായിരുന്നുവെങ്കിൽ അത് 70,000 രൂപയായി കുറച്ചിരിക്കുന്നു. അതുപോലെ severely damaged houses അതിന് 17,600/- രൂപയായി കുറച്ചിരിക്കുന്നു. ഭാഗികമായി നഷ്ടപ്പെടുന്ന വീടുകൾക്ക് 12,600/- രൂപ, 3,800/- രൂപ എന്നിങ്ങനെ വളരെ തുച്ഛമായിട്ടുള്ള സംഖ്യ നല്കുന്നതിനുള്ള ഒരു ഉത്തരവാണ് നടപ്പിലാക്കിയിട്ടുള്ളത്. കൃഷിയിടങ്ങൾക്കും സ്ഥലത്തിനും അതുപോലെ മറ്റ് കാർഷികോല്പന്നങ്ങൾ, റബ്ബർ, കശുമാവ്, തെങ്ങ് എന്നിവയ്ക്കും നല്കിവരുന്ന നഷ്ടപരിഹാരസംഖ്യയും വന്യമൃഗങ്ങളുടെ ശല്യങ്ങൾ വഴിയും പ്രകൃതിക്ഷോഭങ്ങൾ വഴിയും ഉണ്ടാകുന്ന നഷ്ടത്തിനും നല്കിവരുന്ന നഷ്ടപരിഹാരസംഖ്യ ഗണ്യമായി

വെട്ടിക്കുറച്ചത് വളരെ തെറ്റായിട്ടുള്ള നടപടിയാണ്. ആ നടപടി പുന:പരിശോധിച്ച് ഈ സംഖ്യ ഉയർത്താൻ ആവശ്യമായിട്ടുള്ള ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> സർ, എസ്.ഡി.ആർ.എഫ്./എൻ.ഡി.ആർ.എഫ്. മാന്വലിലെ ഏഴാം ഖണ്ഡിക പ്രകാരം കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ദുരന്തപ്രതികരണനിധി ഉപയോഗിക്കാവൂ എന്നാണ്. അപ്രകാരം നിശ്ചയിക്കപ്പെട്ട തുകയെക്കാൾ അധികരിച്ച തുക അനുവദിക്കേണ്ടി വരികയാണെങ്കിൽ അധികമായി വേണ്ടിവരുന്ന തുക സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണെന്നും എസ്.ഡി.ആർ.എഫ്./എൻ.ഡി.ആർ.എഫ്. എന്നിവയിൽ വകയിരുത്താൻ ആവില്ലായെന്നും നിഷ്കർഷിച്ചിരിക്കുന്നു. മാത്രമല്ല എസ്.ഡി.ആർ.എഫ്./എൻ.ഡി.ആർ.എഫ്. എന്നിവയിൽനിന്നും നഷ്ടപരിഹാരം നല്കുവാൻ വ്യവസ്ഥയില്ല. മറിച്ച് പ്രകൃതിദുരന്തംമൂലം കഷ്ടതയനുഭവിക്കുന്നവർക്ക് ഒരു അടിയന്തരസഹായം എന്നുള്ള നിലയിൽ ആശ്വാസധനസഹായം നല്കുവാൻ മാത്രമാണ് വ്യവസ്ഥയുള്ളത്. അതോടൊപ്പംതന്നെ ഓരോ വകുപ്പുകളും

ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി വാർഷിക ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തണമെന്ന് ഡിസാസ്റ്റർ മാനേജ്മെന്റ് നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ട്. കർഷകർക്ക് നഷ്ടപരിഹാരം നല്കുന്നതിന് വിള ഇൻഷ്വറൻസ്, കാർഷിക കടാശ്വാസം മുതലായ പദ്ധതികൾ കൃഷി വകുപ്പിൽ നിലവിലുണ്ട്. കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന മാനദണ്ഡമനുസരിച്ച് മാത്രമേ സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ നിന്നും ധനസഹായം അനുവദിക്കുവാൻ കഴിയുകയുള്ളൂ. എസ്.ഡി.ആർ.എഫ്./എൻ.ഡി.ആർ.എഫ്. മാനദണ്ഡത്തിന് ഉപരിയായി കർഷകർക്ക് ധനസഹായം നൽകേണ്ടി വന്നാൽ അധിക തുക സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. മാനദണ്ഡത്തെ അധികരിച്ച് കർഷകർക്ക് ധനസഹായം നല്കുന്നതിന് ദുരന്തനിവാരണ വകുപ്പിൽ മറ്റു ഫണ്ട് ലഭ്യമല്ല. എസ്.ഡി.ആർ.എഫ്.-ൽ നിന്നും മാനദ്ണ്ഡത്തിന് വിരുദ്ധമായി ധനസഹായം അനുവദിക്കുന്നത് ഓഡിറ്റ് ഒബ്ജക്ഷനും കേന്ദ്രധനസഹായം തടയുന്നതിനും കാരണമാകും. അത്തരത്തിൽ നല്കുന്ന തുക തിരിച്ചടയ്ക്കണമെന്ന് കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്നുണ്ട്. കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രമേ സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ നിന്നും ധനസഹായം അനുവദിക്കാൻ കഴിയുകയുള്ളൂ. നിലവിൽ 21.08.2014-ലെ ജി.ഒ.

(എം.എസ്.)361/2014/ഡി.എം.ഡി. ആണ് പ്രാബല്യത്തിലുള്ളത്.

**<u>പ്രശ്നം പരിഹരിച്ച് കർഷകർക്ക് പട്ടയം നൽകൽ</u>**

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി-വണ്ടാഴി പഞ്ചായത്തുകളിലെ മലയോര കൃഷിക്കാരുമായി ബന്ധപ്പെട്ട ഒരു പ്രധാന പ്രശ്നം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടിയാണ് ഈ സബ്മിഷൻ. 1962 മുതൽ പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ തെന്മല മലയോര മേഖലയിൽ കുടിയേറിയ കൃഷിക്കാരുടെ ഭൂമിയിലുള്ള അവകാശം ആലത്തൂർ ലാന്റ് ബോർഡ് വിധിയിലൂടെ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഭൂപരിഷ്കരണ നിയമത്തിന്റെകൂടെ തങ്ങൾക്ക് അനുവദിച്ചുകിട്ടേണ്ട ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്. 1500 ഓളം കുടുംബങ്ങളെ നേരിട്ട് ഈ ഭൂപ്രശ്നം ബാധിക്കുന്നുണ്ട്. ഇതുപ്രകാരം UTT കമ്പനിക്ക് പാട്ടം കൊടുത്ത് കൃഷി ചെയ്തവരും കമ്പനിയിൽനിന്ന് തീറുവില കൊടുത്ത് ആധാരംചെയ്ത് വാങ്ങിയവരും മിച്ചഭൂമിയുടെ പരിധിയിൽ ഉൾപ്പെട്ടിരിക്കുകയാണ്. കാലാകാലങ്ങളിൽ കൃഷിക്കാർ പട്ടയത്തിനുവേണ്ടി കൊടുത്ത ആയിരക്കണക്കിന് അപേക്ഷകൾ അവിടെ നിർബാധം തള്ളിക്കളഞ്ഞിരിക്കുകയാണ്. പക്ഷേ ചില സ്ഥലങ്ങളിൽ ചില ആളുകൾക്ക് പട്ടയം കൊടുത്തിട്ടുമുണ്ട്. നിലവിൽ പട്ടയ നടപടിയിൽ ചില ക്രമക്കേടുകളുമുണ്ട്. 2313

ഏക്കറോളം മിച്ചഭൂമിയായി വിധിച്ച ഭൂമി എവിടെയാണെന്ന് ഇതുവരെ കണ്ടെത്തിയിട്ടില്ല. മാത്രമല്ല പട്ടയത്തിന് അപേക്ഷ ക്ഷണിച്ചതിന്റെ തീയതി പരിശോധിച്ചാൽ 27.02.2011-ന് സർക്കാർ തീരുമാനമെടുക്കുകയും 28.02.2011-ന് അപേക്ഷ സ്വീകരിക്കുകയും 29.02.2011-ന് ഇത് ക്ലോസ് ചെയ്യുകയും ചെയ്തിരിക്കുകയാണ്. ധൃതിപിടിച്ച ഈ നടപടി അവിടത്തെ എത്ര കർഷകർക്ക് ഗുണം ചെയ്തിട്ടുണ്ടെന്ന് പരിശോധിക്കണം. അപേക്ഷകൾ വില്ലേജ് ഓഫീസ് മുഖേന വിതരണം ചെയ്തുവെന്ന് പറയുന്നതിന് രേഖയുണ്ടെങ്കിലും യഥാർത്ഥത്തിൽ അങ്ങനെ നടന്നിട്ടില്ല. അപേക്ഷകരുടെ അർഹത നിശ്ചയിച്ചതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമല്ല. തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയോ അതിന് പരാതി സ്വീകരിക്കുകയോ ചെയ്തതായി തെളിവില്ല. അതുപോലെ 1/1 സർവ്വേ നമ്പരിൽ റവന്യൂ ഫോറസ്റ്റ് സ്വകാര്യവ്യക്തി, കൈവശ കർഷകർ എന്നിവർക്ക് ഭൂമി ഉണ്ടെന്ന് അളന്ന് പ്ലോട്ട് തിട്ടപ്പെടുത്തിയിട്ടില്ല. ആലത്തൂർ ലാന്റ് ബോർഡ് തിടുക്കത്തിലെടുത്ത നടപടികൾ കാരണം അർഹരായ പലർക്കും അവിടെ പട്ടയം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഇത് ഗൗരവതരമായ ഒരു പ്രശ്നമായതിനാൽ നിരവധി കർഷകരേയും കർഷക കുടുംബങ്ങളേയും ബാധിക്കുന്നതാണ്. നീണ്ട 51 വർഷക്കാലം അവിടെ കൃഷി ചെയ്ത് ജീവിച്ച ആളുകളെ സംബന്ധിച്ചിടത്തോളം

സ്വാഭാവികമായും ഒരു നീതിനിഷേധം നടന്നിട്ടുണ്ട്. ഒരു ജോയിന്റ് വെരിഫിക്കേഷൻ നടത്താനുള്ള അപേക്ഷകൾ അവർ നൽകിയിട്ട് കാലങ്ങളായി. അതിലും വ്യക്തമായൊരു തീരുമാനമെടുക്കുന്ന മട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഈ പ്രശ്നമെന്താണെന്ന് പഠിക്കാൻ റവന്യൂ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള ഒരു ഉന്നതാധികാര സമിതിയെ ചുമതലപ്പെടുത്തി അർഹരായ ആളുകൾക്ക് പട്ടയം നൽകുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളാൻ സർക്കാർ തയ്യാറാകണമെന്ന് അപേക്ഷിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, UTT കമ്പനിവക സ്ഥലത്തിന് അവകാശവാദവുമായി 931 കൈവശക്കാർ ക്ലെയിം പെറ്റീഷൻ സമർപ്പിച്ചിരുന്നു. മേല്പടി അപേക്ഷകൾ മതിയായ രേഖകൾ കൈവശത്തിലില്ലെന്ന കാരണത്താൽ തള്ളിക്കളഞ്ഞിരുന്നു. എങ്കിലും മേല്പറഞ്ഞ കക്ഷികൾ കൈവശം വച്ചിരിക്കുന്ന സ്ഥലം സംരക്ഷിച്ചും വീട് വച്ചും താമസിച്ചിരുന്നതിനാലും കമ്പനി നേരിട്ട് കൊടുത്തിട്ടുള്ളതും ആധാരമാക്കിയതുമായ ഭൂമി, ലാന്റ് ട്രിബ്യൂണൽ പട്ടയം കൊടുത്തിട്ടുള്ള ഭൂമി, വനം വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമി എന്നിവ ഒഴിവാക്കി ബാക്കിവന്നിട്ടുള്ള കിഴക്കുംചേരി 1, കിഴക്കുംചേരി 2 എന്നീ വില്ലേജുകളിൽ സർവ്വേ

നമ്പർ 1 (a)-യിൽപ്പെട്ട 2313.55 ഏക്കർ മിച്ചഭൂമി 24.01.2011-ന് ആലത്തൂർ അഡീഷണൽ തഹസീൽദാർ അന്യകൈവശത്തോടെ ഏറ്റെടുത്തിട്ടുള്ളതാണ്. തുടർന്ന് 27.01.2011-ന് ഫോറം 16 പ്രസിദ്ധീകരിക്കുകയും കൈവശക്കാർക്ക് 451 ഓഫറുകൾ നൽകുകയും 06.09.2011-ന് നടന്ന പട്ടയമേളയിൽ 83 വീടുകൾ അനുവദിക്കുകയും ചെയ്തു. എന്നാൽ ഇത്തരത്തിൽ മിച്ചഭൂമി ഏറ്റെടുത്ത് പതിച്ച് നൽകുന്നതിനെതിരായും ഒരേക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ള കൃഷിക്കാർക്ക് മേപ്പടി ഭൂമി പതിച്ചുനൽകണമെന്നും കാണിച്ച് നിരവധി പരാതികൾ ഉള്ളതും നിരവധി കൈവശക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്. 413 കൈവശക്കാർക്ക് ഒരേക്കർ മുതൽ മൂന്ന് ഏക്കർ വരെയും 164 പേർക്ക് 5 ഏക്കറിന് മുകളിലും ഭൂമി കൈവശമുണ്ട്. കേരള ഭൂപരിഷ്കരണ നിയമപ്രകാരം പരമാവധി ഒരേക്കർ മാത്രമേ പതിച്ചുനൽകാൻ കഴിയുകയുള്ളൂ. കൂടാതെ വനഭൂമി, പട്ടയഭൂമി, മിച്ചഭൂമി ഇവ വ്യക്തമായി അളന്ന് തിട്ടപ്പെടുത്തിയാൽ മാത്രമേ പരാതി പരിഹരിക്കാൻ കഴിയുകയുള്ളൂ. പട്ടയ നടപടികൾ നടത്തിയതിൽ ചില ക്രമക്കേടുകളുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കൂടാതെ അദ്ദേഹം ചില തീയതികളും പറയുകയുണ്ടായി. പട്ടയത്തിന്റെ അപേക്ഷ സ്വീകരിക്കാൻ തീരുമാനമെടുക്കുന്നു, അടുത്ത ദിവസം

അപേക്ഷ സ്വീകരിക്കുന്നു, അതിന്റെ പിറ്റേ ദിവസം തന്നെ പട്ടയം നൽകിയെന്നുമാണ് അദ്ദേഹം സൂചിപ്പിച്ചത്. ഇക്കാര്യത്തെക്കുറിച്ച് ഒരു പരിശോധന നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതിന് ആവശ്യമായ ക്രമീകരണങ്ങൾ റവന്യൂ വകുപ്പിൽനിന്നും ഉണ്ടാക്കി ഉത്തരവാദിത്തമുള്ള ആളുകളെ ചുമതലപ്പെടുത്തുന്നതായിരിക്കും എന്ന് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുന്നു.

## മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

ശ്രീ. ഇ. പി. ജയരാജൻ: സർ, മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ള പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കണമെന്ന് ഒരു സബ്മിഷനിലൂടെ ഉന്നയിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പാലനിർമ്മാണ രംഗത്തും റോഡുനിർമ്മാണ രംഗത്തും നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങളെ കാണാതെയല്ല ഞാൻ ഇക്കാര്യം ഉന്നയിക്കുന്നത്. ഒന്നുകൂടി സജീവശ്രദ്ധയും താല്പര്യവും ഇതിലുണ്ടാകണം എന്നുള്ളതുകൊണ്ടാണ്. കാരണം ഞാൻ ഉന്നയിക്കപ്പെടുന്ന നാല് പാലങ്ങളും ആ മണ്ഡലത്തെ സംബന്ധിച്ചുമാത്രമല്ല ആ

പ്രദേശത്തിന്റെയാകെ വികസന സാധ്യതകൾക്ക് കൂടുതൽ ശക്തി പകരുന്നതും ജനോപകാരപ്രദമായിട്ടുള്ളതുമായ പാലങ്ങളാണ്. അത് വളരെക്കാലമായി അവിടത്തെ ജനങ്ങൾ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതാണ്. അതിൽ ഒന്ന് മണക്കായിക്കടവ് പാലമാണ്. നമ്മുടെ സ്റ്റിമുലസ് പാക്കേജിൽപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തിയാണിത്. കരാർ ഏറ്റെടുത്ത് പ്രവൃത്തി ആരംഭിച്ചെങ്കിലും പിന്നീട് കരാറുകാരൻ ഒഴിവായിയതിനാൽ പ്രവൃത്തി ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്. അതുകൊണ്ട് ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുള്ള വിഷയമാണിതെന്ന് എനിക്കറിയാം. രണ്ടാമത്തേത് അരങ്ങോട് പുഴ പാലമാണ്. 195 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചെങ്കിലും ഭൂമി ലഭിക്കാത്തതുകൊണ്ട് അതിന്റെ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. അതിനാൽ ഇപ്പോൾ ഭൂമി ലഭ്യമാക്കി അതിന്റെ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കണം. മൂന്നാമത്തേത് കുളിക്കടവ് പാലമാണ്. 450 ലക്ഷം രൂപ ഭരണാനുമതി ലഭിച്ചിട്ടുള്ള പാലമാണ്. ഇതിന് ആവശ്യമായ ഭൂമി ലഭ്യമാക്കിക്കഴിഞ്ഞതിനാൽ അത് ടെണ്ടർ ചെയ്ത് പ്രവൃത്തി അടിയന്തരമായി ആരംഭിക്കണം. നാലാമത്തേത് വട്ടോളി പാലമാണ്. അതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ അംഗീകരിച്ചു. ഇനി

വിശദമായ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അങ്ങ് താല്പര്യമെടുത്ത് നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ടെങ്കിലും നമ്മുടെ എഞ്ചിനീയറിംഗ് വിഭാഗം അതിനനുസരിച്ച് ചലിക്കുന്നില്ല. കരാറുകാർ കൃത്യമായി പണിയെടുക്കാതിരിക്കുകയും അവസരം കാത്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കൂടുതൽ കാശ് അടിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കുകയുമൊക്കെ ചെയ്യുന്നതിന്റെ ഫലമായി പാലം, റോഡുകൾ തുടങ്ങിയ പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് വളരെ കാലതാമസം വരികയാണ്. ജനങ്ങൾക്ക് പെട്ടെന്ന് അനുഭവിക്കാൻ സാധിക്കുന്ന വിധത്തിൽ അടിയന്തരമായി വേഗത കൂട്ടാൻ ആവശ്യമായ സജീവ ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാംഹിം കുഞ്ഞ്</u>): സർ, മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായിക്കടവ് പാലം നിർമ്മാണത്തിനായി കരാറുകാരൻ പ്രവൃത്തി ആരംഭിച്ചുവെങ്കിലും മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ലഭിക്കാത്തതിനാൽ പ്രവൃത്തി തുടരാൻ കഴിഞ്ഞില്ല. കരാറുകാരന്റെ കത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ പ്രവൃത്തിയിൽ നിന്നും നിരുപാധികം ഒഴിവാക്കി. ഇപ്പോൾ മട്ടന്നൂർ

മുനിസിപ്പാലിറ്റി പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കാമെന്ന് അറിയിച്ചതിന്റെയടിസ്ഥാനത്തിൽ 475 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അരങ്ങോട് പാലം നിർമ്മിക്കുന്നതിന് 09.11.2011-ൽ 195 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കുളിക്കടവ് പാലത്തിന് 28.02.2011-ന് 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പാലനിർമ്മാണത്തിന് ആവശ്യമായ ഭൂമി ലഭിക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പാലനിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വട്ടോളി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കിവരുന്നു. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. കാര്യങ്ങൾ സ്പീഡിൽ പോകുന്നില്ല എന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മിഷൻ 676 പദ്ധതിയിൽ അങ്ങ് സബ്മിഷനിലൂടെ നിർദ്ദേശിച്ചതും ഉന്നയിച്ചതുമായ കാര്യങ്ങൾ ഉൾപ്പെടുത്തി പ്രത്യേകമായ

അവലോകനം നടത്തുന്നതാണ്. സ്ഥലം കിട്ടാത്ത കേസിൽ അങ്ങയുടെ ഓഫീസ് പ്രവർത്തിക്കണം എന്നാണ് പറയാനുള്ളത്.

**നേമം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

ശ്രീ. വി. ശിവൻകുട്ടി: സർ, നേമം നിയോജകമണ്ഡലത്തിലെ മധുപ്പാലം, പനത്തുറപ്പാലം, മുടവൻമുഗൾ- സത്യൻനഗർ പാലം, പള്ളത്തുകടവ് പാലം, കല്ലടിമുഖം പാലം, ഇടയാർ പാലം, മാങ്കോട്ടുകടവ് പാലം, തിരുവല്ലത്ത് പുതിയ പാലം, കീഴാറന്നൂർ പാലം എന്നീ ഒമ്പത് പാലങ്ങളുടെ നിർമ്മാണത്തിനായി 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇവയിൽ, മധുപ്പാലം എന്റെ ആസ്തിവികസന ഫണ്ടിൽ നിന്നും 7 കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്നതാണ്. ഈ പാലത്തിനും നേമം മണ്ഡലത്തിലെ കല്ലടിമുഖം പാലം, പള്ളത്തുകടവ് പാലം എന്നീ പാലങ്ങൾക്കും സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ഭരണാനുമതിയുള്ള മേൽപ്പറഞ്ഞ മൂന്ന് പാലങ്ങളുടേയോ നേമം മണ്ഡലത്തിലെ മറ്റ് ആറ് പാലങ്ങളുടെയോ നിർമ്മാണത്തിൽ ഇപ്പോൾ യാതൊരു പുരോഗതിയുമുള്ളതായി കാണുന്നില്ല. ഞാൻ നേരിട്ട് പങ്കെടുത്തതുകൊണ്ട് ഈ പാലങ്ങളുടെയെല്ലാം നിർമ്മാണ അവലോകനയോഗം അതാത് പ്രദേശങ്ങളിൽ

ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ബന്ധപ്പെട്ട പൊതുമരാമത്ത് (ബ്രിഡ്ജസ്) ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചേരുകയുണ്ടായി. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നേരിട്ട്, എന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിയമസഭയിലുള്ള അദ്ദേഹത്തിന്റെ ഓഫീസിൽ പ്രസ്തുത പാലങ്ങളുടെ നിർമ്മാണ അവലോകനയോഗം വിളിച്ചുചേർക്കുകയുണ്ടായി. ഈ പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോഴും ആരംഭിക്കാൻ കഴിയാതെ ഫയലിൽ തന്നെ ഉറങ്ങുന്നതിന് കാരണം ലാന്റ് അക്വസിഷനിലെ കുഴപ്പങ്ങളും നൂലാമാലകളുമാണ്. 2013-ൽ കേന്ദ്രത്തിലെ കോൺഗ്രസ്സ് ഗവൺമെന്റ് പ്രാബല്യത്തിൽ കൊണ്ടുവന്ന The Right to Fair Compensation and Transparency in Land Acquisition Rehabilitation and Resettlement Act 2013 എന്ന പിൻതിരിപ്പൻ കേന്ദ്ര നിയമമാണ് നേമം മണ്ഡലത്തിൽ മാത്രമല്ല നമ്മുടെ സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലേയും പൊതുമരാമത്ത് പ്രവർത്തികൾക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾക്ക് വിലങ്ങുതടിയായി മാറിയത്. ഈ നിയമം കാരണം സംസ്ഥാനത്ത് ചില സുപ്രധാന പൊതുമരാമത്ത് പ്രവൃത്തികളും സ്തംഭിച്ചിരിക്കുകയാണ്. ഈ കേന്ദ്ര നിയമത്തിന് സബ്റൂൾ ഉണ്ടാക്കിയാൽ മാത്രമേ മരാമത്ത് പ്രവൃത്തികൾക്ക് ഭൂമി ഏറ്റെടുത്ത് നടപടി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത ചട്ടങ്ങൾ സംസ്ഥാന

സർക്കാർ എത്രയും വേഗം പ്രസിദ്ധീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് 13.6.2014-ൽ ഞാൻ ഈ സഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നതാണ്. കളക്ടർമാരോട് ഭൂമി അക്വസിഷനെക്കുറിച്ച് ചോദിച്ചാൽ അതിന് ഒരു കേന്ദ്രനിയമം വന്നിരിക്കുന്നു. ആ കേന്ദ്രനിയമത്തിന് ഒരു സബ്റൂൾ ഇതുവരെ സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടില്ല. അതുകൊണ്ട് ഭൂമി അക്വയർ ചെയ്യാൻ സാധിക്കില്ല എന്നുപറഞ്ഞ് കൈകഴുകുകയാണ്. ഭൂമി തരേണ്ട വ്യക്തികൾക്ക് സ്വമേധയാ ഭൂമി സറണ്ടർ ചെയ്താൽ എളുപ്പമാകുമെന്നാണ് കളക്ടറുടെ നിലപാട്. ഇത് കൂടാതെയാണ് മാസ്റ്റർ പ്ലാൻ, തീരദേശനിയമം, നീർത്തട സംരക്ഷണനിയമം, വനസംരക്ഷണ നിയമം, തുടങ്ങിയ നിയമങ്ങളും പ്ലാനുകളും കാരണമുള്ള തടസ്സങ്ങളുമുണ്ട്. മേൽപ്പറഞ്ഞ തടസ്സങ്ങൾക്ക് കാരണം സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പ്രവൃത്തികൾപോലും നടപ്പിലാക്കുവാൻ കഴിയാത്ത ഗുരുതരമായ സ്ഥിതിയാണ് സംസ്ഥാനത്തിനുള്ളത്. റവന്യൂ വകുപ്പിലെ ചില ഡെപ്യൂട്ടി കളക്ടർമാരും ചില ഡെപ്യൂട്ടി തഹസീൽദാർമാരും ഈ കേന്ദ്ര നിയമത്തിന്റെ മറവിൽ ലാന്റ് അക്വസിഷൻ എങ്ങനെ തടസപ്പെടുത്താമെന്നാണ് ചിന്തിച്ചുകൊണ്ടിരിക്കുന്നത്. അഥവാ എങ്ങനെയെങ്കിലും ഭൂമി ഏറ്റെടുത്ത് കഴിഞ്ഞാൽ 100 വർഷം മുമ്പുള്ള പ്രമാണങ്ങളും അതിനുമുമ്പുള്ള ആധാരങ്ങളും കൊണ്ടുവരണമെന്നുപറഞ്ഞ് സർക്കാരിന് ഭൂമി വിട്ടുകൊടുത്ത

ആളുകളെ അവതാളത്തിലാക്കുന്ന സ്ഥിതിവിശേഷമാണ് റവന്യൂ വകുപ്പിലെ ചില ഉദ്യോഗസ്ഥർ സ്വീകരിക്കുന്നത്. നേമം മണ്ഡലത്തിൽ നിർമ്മിക്കേണ്ട 9 പാലങ്ങളും ജനങ്ങൾക്ക് അത്യാവശ്യമുള്ളവയാണ്. നഗരത്തിലെ 18 നഗരസഭാ വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ് ഈ പാലങ്ങൾ. സ്കൂൾ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ജനങ്ങൾ തീരെ സുരക്ഷിതമല്ലാത്ത രീതിയിൽ കടത്തുവള്ളം ഉപയോഗിച്ചാണ് പലയിടങ്ങളിലും യാത്രചെയ്യുന്നത്. ആയതിനാൽ നേമം മണ്ഡലത്തിൽ മേൽപ്പറഞ്ഞ 9 പാലങ്ങളും നിർമ്മിക്കേണ്ടതിന്റെ അടിയന്തരപ്രാധാന്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ എത്രയും വേഗം നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അങ്ങയുടേയും എന്റേയും കാലാവധി തീരുന്നതിനുമുമ്പ് തറക്കല്ലിടാനുള്ള സൗഭാഗ്യം അങ്ങ് ചെയ്തുതരണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, നേമം നിയോജകമണ്ഡലത്തിന്റെ കാര്യമാണ് ബഹുമാനപ്പെട്ട ശിവൻകുട്ടി ഇവിടെ സൂചിപ്പിച്ചത്. ആ നിയോജകമണ്ഡലത്തിലുള്ള ഒരു പ്രത്യേകത ലാന്റ് അക്വസിഷൻ നടന്നിട്ടില്ലയെന്നുള്ളതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. വളരെ കാര്യമായി ശ്രമിച്ചിട്ടുണ്ട്. അദ്ദേഹം അവലോകനയോഗം നടത്തിയിട്ടുണ്ട്. ഞാൻ പ്രത്യേകം

അവലോകനയോഗം നടത്തിയിട്ടുണ്ട്. പക്ഷേ അദ്ദേഹം സൂചിപ്പിച്ചതുപ്പോലെ നമ്മുടെ കേന്ദ്ര നിയമത്തിലെ റൂൾസ് ഫ്രെയിം ചെയ്ത് വരാത്തതുകൊണ്ടാണ് കാലതാമസം വന്നിരിക്കുന്നത്. ഇതിനുള്ള റൂൾസ് ഫ്രെയിം ചെയ്ത് വരുന്നുണ്ട്. ഒരു മാസത്തിനുള്ളിൽ ആ റൂൾ ഫ്രെയിം ചെയ്ത് വരുമെന്നാണ് റവന്യൂ അധികാരകളും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും പറഞ്ഞിട്ടുള്ളത്. തീർച്ചയായും അത് സ്പീഡപ് ആക്കാനുള്ള നടപടി സ്വീകരിക്കും. അതോടൊപ്പം നമുക്ക് ചെയ്യാൻ കഴിയുന്നത്, ഇതിന്റെ അഡ്വാൻസ് പൊസിഷൻ കിട്ടാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോയെന്ന് ആലോചിക്കാം. അത് കിട്ടുകയാണെങ്കിലും നമുക്ക് എന്തെല്ലാം ചെയ്യണമെന്ന് വിചാരിച്ചാൽ അതെല്ലാം ചെയ്ത് തീർക്കാൻ സാധിക്കും. ഏതായാലും നേമം നിയോജകമണ്ഡലത്തിലെ കരുമം-തിരുവല്ലം റോഡിലെ മധുപ്പാലത്തിന്റെ നിർമ്മാണത്തിന് 700 ലക്ഷം രൂപയുടേയും പള്ളത്തുകടവ് പാലത്തിന്റെ നിർമ്മാണത്തിന് 850 ലക്ഷം രൂപയുടേയും കല്ലടിമുഖം പാലത്തിന്റെ നിർമ്മാണത്തിന് 500 ലക്ഷം രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ മൂന്ന് പാലങ്ങളുടേയും നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. അഡ്വാൻസ് പൊസിഷൻ കിട്ടുകയാണെങ്കിൽ ഏറ്റവും നല്ലതാണ്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ നടത്താം.

ഇതിന് അത്യാവശ്യം എന്താണ് ഡിപ്പാർട്ട്മെന്റ് ചെയ്യേണ്ടത് എന്ന് ബഹുമാനപ്പെട്ട എം.എൽ.എ നിർദ്ദേശിച്ചാൽ അതെല്ലാം ചെയ്യാൻ തയ്യാറാണ്. മൂടവൻമുഗൾ പാലത്തിന്റെ ഡിസൈൻ ലഭിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. ഈ പാലത്തിന്റെ നിർമ്മാണത്തിന് 65 സെന്റോളം സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. മങ്കാട്ടുകടവ് പാലം, കീഴാറന്നൂർ പാലം, തിരുവല്ലം പാലം, ഇടയാർ പാലം എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നുവരികയാണ്. പനത്തുറ പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടില്ല.

## അങ്കമാലി ബൈപ്പാസ്, കാലടി ശ്രീ ശങ്കരാചാര്യ സമാന്തരപാലം എന്നിവയുടെ നിർമ്മാണ പ്രവർത്തങ്ങൾ

ശ്രീ. ജോസ് തെറ്റയിൽ: സർ, കേരളത്തിൽ എം.സി. റോഡും നാഷണൽ ഹൈവേയുമായി യോജിക്കുന്ന ഏക പോയിന്റ് അങ്കമാലിയാണ്. കേരളത്തിലെ രണ്ട് പ്രധാനപ്പെട്ട റോഡുകളാണ് എം.സി. റോഡും നാഷണൽ ഹൈവേ -47 ഉം. ഇത് രണ്ടും സംഗമിക്കുന്ന സ്ഥലമെന്ന നിലയിൽ അങ്കമാലി പ്രദേശത്തുള്ള ഗതാഗതക്കുരുക്ക് വളരെ രൂക്ഷമാണ്. ഇക്കാര്യം നിരവധി പ്രാവശ്യം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് അങ്കമാലിയിലെ ഈ രൂക്ഷമായ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടി ഡോ. തോമസ് ഐസക്കിന്റെ കാലത്ത് അവതരിപ്പിച്ച ബഡ്ജറ്റിൽ അതിന് വകയിരുത്തിയിരുന്നെങ്കിൽ തന്നെയും ഈ കഴിഞ്ഞ മൂന്ന് വർഷം കഴിഞ്ഞ് നാല് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടും ഒരു രൂപ പോലും വകയിരുത്തിയിട്ടില്ല. 2012-ൽ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുത്ത് ചെയ്ത ഒരു നടപടി എന്ന നിലയിൽ പി.പി.പി. അടിസ്ഥാനത്തിലായാലും വിരോധമില്ലെന്നയെന്ന പൊതു വികാരത്തിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ ചുമതല ആർ.ബി.ഡി.സി.കെ.- യെ ഏൽപ്പിച്ചു. രണ്ടുവർഷം കഴിഞ്ഞിട്ടും ഒന്നും തന്നെ നടന്നിട്ടില്ല. ഇതാണ് അങ്കമാലിയിലെ ജംഗ്ഷന്റെ പ്രശ്നം. കാലടിയിലെ അവസ്ഥ അതിനേക്കാളേറെ ഗുരുതരമാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയിൽ ഇപ്പോൾ 42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ കുഴപ്പം കൊണ്ടല്ലാതെ അവിടെ ചില കുഴപ്പങ്ങളുണ്ടായതിന്റെ അടിസ്ഥാനത്തിലാണ് അത് നീണ്ടുപോയത്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ അന്തിമമായി തീരുമാനിച്ചെങ്കിലും അതിന്റെ നടപടികളൊന്നും നടക്കുന്നില്ല. ഈ രണ്ട് പ്രശ്നങ്ങളും അങ്കമാലി നിയോജകമണ്ഡലത്തിലെ മാത്രമല്ല ശബരിമലയ്ക്ക് പോകുന്ന ആളുകൾക്കും നാഷണൽ ഹൈവേയിലൂടെ എയർ പോർട്ടിലേയ്ക്ക് പോകുന്ന

ആളുകൾക്കും എല്ലാം തന്നെ ഗുരുതരമായ പ്രതിസന്ധിയുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇത് രണ്ടും പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് ഈ ദിവസങ്ങളിൽ തന്നെ ഇതിന്റെ ശിലാസ്ഥാപനം ഉൾപ്പെടെയുള്ള പരിപാടികൾ നടത്തി തീർക്കാനുള്ള നടപടി സ്വീകരിക്കുകയും ബൈപ്പാസിന്റെ കാര്യങ്ങളിൽ അടിയന്തരമായി നടപടി സ്വീകരിക്കാനും തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, അങ്കമാലി ബൈപ്പാസ് വലിയ സാമ്പത്തിക ബാദ്ധ്യത വരുന്ന ഒരു പദ്ധതിയാണ്. അദ്ദേഹം തന്നെ പ്രത്യേകം പറഞ്ഞു അത് പി.പി.പി. മാതൃകയിലാക്കാമെന്ന് നിർദ്ദേശിച്ചതനുസരിച്ച് ആർ.ബി.ഡി.സി.കെ.- യെ ചുമതലപ്പെടുത്തി 25 ലക്ഷ രൂപ ചെലവഴിച്ച് അതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇനിയും അതിനെ ഏത് രീതിയിൽ, ഏത് മോഡിൽ കൊണ്ടുപോകണമെന്ന് തീരുമാനിക്കാവുന്നതേയുള്ളൂ. കാലടിയിൽ പഴയ ശ്രീശങ്കരപാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിന് 42 കോടി രൂപയുള്ള ഭരണാനുമതി 2012-ൽ നൽകിയതാണെങ്കിലും അലൈൻമെന്റിലെ തർക്കങ്ങൾ കാരണം പ്രവൃത്തി

ആരംഭിക്കാൻ സാധിച്ചില്ല. ഇതുസംബന്ധിച്ച് 24.09.2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ പാലത്തിന്റെ അലൈൻമെന്റിൽ കാലടി ടൗണിനെ ബൈപ്പാസ് ചെയ്ത് മറ്റൂരിൽ നിന്നും നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള റോഡിൽ ചേരുവാൻ തക്കവണ്ണം പുനഃക്രമീകരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിനായി സർവ്വേ നടത്തുന്നതിനും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുമായി 1.94 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും അത് നൽകുകയും ചെയ്തിട്ടുണ്ട്. അലൈൻമെന്റ് പുതുക്കി നിർണ്ണയിച്ച് പുതിയ ഡി.പി.ആർ. തയ്യാറാക്കിയശേഷം പുതുക്കിയ ഭരണാനുമതി നൽകും. അലൈൻമെന്റ് തയ്യാറാക്കിയശേഷം 42 കോടി രൂപയിൽ ഇത് നിൽക്കുമെന്ന് പ്രതീക്ഷിക്കുന്നില്ല. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മണ്ണുത്തി-അങ്കമാലി നാലുവരിപ്പാതയുടെ നിർമ്മാണപ്രവർത്തനങ്ങൾ

ശ്രീ. ബി. ഡി. ദേവസ്സി: സർ, ദേശീയപാത 47-ൽ മണ്ണുത്തി മുതൽ അങ്കമാലി വരെയുള്ള നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറിൽ ഉൾപ്പെട്ടിട്ടുള്ള അനുബന്ധ പ്രവൃത്തികളായ സർവ്വീസ് റോഡുകൾ, ബസ് ബേകൾ, ബസ് ഷെൽട്ടറുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, സ്ട്രീറ്റ് ലൈറ്റുകൾ, ബ്ലിങ്കർ ലൈറ്റുകൾ,

വിവിധ ജംഗ്ഷനുകളിലെ സുരക്ഷാ സംവിധാനങ്ങൾ എന്നിവയുടെ നിർമ്മാണം ഇനിയും പൂർത്തീകരിച്ചിട്ടില്ല. ഇതിനുപുറമെ കരാറിൽപ്പെടാത്ത അത്യാവശ്യപ്രവൃത്തികൾ നടപ്പാക്കുന്നതിനായി 98 കോടിരൂപ സംസ്ഥാന സർക്കാർ പ്രത്യേകമായി അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉറപ്പിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളും ഫണ്ട് അനുവദിക്കാത്തതുമൂലം ആരംഭിച്ചിട്ടില്ല. ചാലക്കുടി കോടതി ജംഗ്ഷനിലെ ഫ്ലൈ ഓവർ നിർമ്മാണം, ചാലക്കുടി സൗത്ത് ജംഗ്ഷനിലെയും മുരിങ്ങൂർ ഡിവൈൻ ജംഗ്ഷനിലെയും ഡ്രെയിനേജ് സംവിധാനങ്ങൾ, മുരിങ്ങൂർ ജംഗ്ഷനിൽ അനുവദിച്ചിട്ടുള്ള ഗതാഗത സൗകര്യങ്ങൾ, കൊരട്ടി ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ഫ്ലൈ ഓവർ അടക്കമുള്ള സംവിധാനങ്ങൾ, പേരാമ്പ്ര സബ്‌വേ, പേരാമ്പ്ര നാട്ടുകുന്ന്-കൊരട്ടി ഗവൺമെന്റ് പ്രസ്-ചിറങ്ങര എന്നീ ഭാഗങ്ങളിലെ സർവ്വീസ് റോഡുകളുടെ നിർമ്മാണം എന്നിവ അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്. ഈ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലം ഉണ്ടായിട്ടുള്ള അപകടങ്ങളിൽ നിരവധി ജീവനുകൾ പൊലിഞ്ഞുപോയിട്ടുണ്ട്. കരാറിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നുപറഞ്ഞ് എല്ലാവർഷവും ടോൾ വർദ്ധിപ്പിക്കുകയും എന്നാൽ കരാറിൽ പറഞ്ഞിട്ടുള്ള അനുബന്ധ നിർമ്മാണപ്രവൃത്തികൾ ഇതുവരെയും

പൂർത്തീകരിക്കാത്ത അവസ്ഥയുമാണ്. എൻ.എച്ച്.എ.ഐ. സർക്കാരുമായി ഉണ്ടാക്കിയ കരാറിൽ പറയുന്ന അനുബന്ധപ്രവൃത്തികൾ പൂർത്തീകരിക്കുന്നതുവരെ ടോൾപിരിവ് നിർത്തിവയ്ക്കണമെന്നും കരാറിൽ ഉൾപ്പെടാത്ത, മുഖ്യമന്ത്രി ഉറപ്പുനൽകിയ 98 കോടിരൂപയുടെ പ്രവൃത്തികൾ നടപ്പാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഇതൊരു ദീർഘമായ മറുപടിയാണ്. അതിലെ പ്രധാനഭാഗങ്ങൾ പറഞ്ഞതിനുശേഷം ബാക്കിഭാഗം മേശപ്പുറത്ത് വയ്ക്കാം.* അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതും അതേ സമയത്ത് ഇതിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെയും പ്രൊഫ. സി. രവീന്ദ്രനാഥിന്റേയും ആവശ്യപ്രകാരം നിരവധി പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും കോൺഫറൻസ് നടത്തിയിട്ടുള്ളതാണ്. ഇതിനകത്ത് പറ്റിയ ഒരബദ്ധം എന്താണെന്നുവച്ചാൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന സമയത്ത് ഈ പ്രദേശങ്ങളൊക്കെ അത്ര ജനവാസകേന്ദ്രങ്ങളോ സർവ്വീസ് റോഡ് ആവശ്യമുള്ള പ്രദേശങ്ങളോ ആയിരുന്നില്ല. ഡി.പി.ആർ. തയ്യാറാക്കി ഒരുപാട്

---

* അനുബന്ധമായി ചേർക്കുന്നു.

വർഷങ്ങൾക്കുശേഷമാണ് ഈ പ്രോജക്ട് യാഥാർത്ഥ്യമാകുന്നത്. ഇപ്പോൾ ഈ സർവ്വീസ് റോഡ് വളരെ അത്യാവശ്യമുള്ള റോഡാണ്. സ്റ്റേറ്റ് ഗവൺമെന്റ് ഇതുസംബന്ധിച്ച് 63.66 കോടിരൂപയുടെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. പക്ഷേ സാമ്പത്തിക ബുദ്ധിമുട്ട് കൊണ്ടാണ് ഭരണാനുമതി കൊടുക്കാൻ സാധിക്കാതെ വന്നത്. അതിപ്പോഴും സജീവമാണ്. പിന്നെ ടോൾ പിരിവിന്റെ കാര്യത്തിൽ ഗവൺമെന്റ് ഇടപെട്ട് സ്റ്റേ ചെയ്തു. അത് എൻഹാൻസ് ചെയ്യരുത്, വർദ്ധിപ്പിക്കരുത് എന്ന് ഉത്തരവ് കൊടുത്തു. പക്ഷേ കോടതിയിൽ അവർ പോയി. കോടതി ഇത് 14.12.2007-ൽ ഒപ്പുവച്ച സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് ഉള്ളതുകൊണ്ട് ടോൾ വർദ്ധിപ്പിക്കാനുള്ള അനുവാദം കൊടുക്കുകയാണുണ്ടായത്. ഇതാണ് ഇതിന്റെ അവസ്ഥ. ഗവൺമെന്റ് വളരെ കാര്യമായി അങ്ങുപറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ട്.

## ചാവക്കാട്-വടക്കാഞ്ചേരി റോഡിന്റെ പുനരുദ്ധാരണം

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഇതിനുമുമ്പും സഭയിൽ സബ്മിഷനായി അവതരിപ്പിച്ച ഒരു വിഷയം തന്നെയാണിത്. എന്റെ മണ്ഡലത്തിലെ ചാവക്കാട്-വടക്കാഞ്ചേരി റൂട്ടിലെ കുന്ദംകുളം മുതൽ ചാട്ടുകുളം വരെയുള്ള ഭാഗം റോഡ് പുനരുദ്ധാരണത്തിനും ബി.എം.&ബി.സി. ചെയ്യുന്നതിനും 185 ലക്ഷം രൂപ

അനുവദിച്ച് 14.10.2009-ൽ ടെണ്ടർ ചെയ്തതാണ്. മറ്റു തടസ്സങ്ങളൊന്നും അവിടെയില്ല. വർഷത്തിൽ നാലുകോടിയിലധികം ഭക്തരാണ് ഗുരുവായൂർ അമ്പലദർശനത്തിന്റെ ഭാഗമായി വടക്കൻ ജില്ലകളിൽ നിന്നും തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നുമൊക്കെയായി ഈ തകർന്ന റോഡിലൂടെ യാത്ര ചെയ്യുന്നത്. ശബരിമല സീസണായാൽ ഗുരുവായൂർ അമ്പല ദർശനത്തിനായുള്ള അയ്യപ്പഭക്തരുടെ വാഹനങ്ങളും കൂടിയാകുമ്പോൾ ഈ റോഡിലൂടെയുള്ള യാത്ര അതികഠിനമാണ്. അഞ്ചുവർഷത്തോളമായി റോഡ് തകർന്നുകിടക്കുന്നതുകൊണ്ട് ജനങ്ങൾ ഒന്നടങ്കം വലിയ പ്രതിഷേധത്തിലാണ്. ഈ റോഡുപണിയുടെ വർക്ക് രണ്ടാക്കി മാറ്റിയിട്ടുണ്ട്. ഈ റോഡുപണി ആരംഭിക്കുന്നതിന് എന്താണ് തടസ്സം? വലിയ യാത്രാപ്രാധാന്യമുള്ള ഈ വിഷയത്തിൽ ഇടപെടണമെന്ന് അങ്ങയോട് ഞാൻ മുമ്പ് ആവശ്യപ്പെട്ടിരുന്നു. മുഖ്യമന്ത്രി ഒരിക്കൽ ഇടപെട്ടിരുന്നു. ജില്ലയിൽ നിന്നുള്ള മന്ത്രി എന്നുള്ള നിലയിൽ ശ്രീ. സി. എൻ. ബാലകൃഷ്ണൻ ഒരിക്കൽ ഇടപെട്ടിരുന്നു. പക്ഷേ റോഡുപണി നടക്കുന്നില്ല. ഇക്കാര്യത്തിൽ എന്താണ് ചെയ്യാൻ കഴിയുന്നത്?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ,

ചാവക്കാട്-വടക്കാഞ്ചേരി റോഡിലെ കുന്ദംകുളം മുതൽ ചാട്ടുകുളം വരെയുള്ള റോഡ് പുനരുദ്ധാരണത്തിനും ബി.എം. & ബി.സി. ചെയ്യുന്നതിനുമായി 185 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി 14.10.2009-ന് ടെണ്ടർ ചെയ്തെങ്കിലും ഏറ്റവും കുറഞ്ഞ കരാർ ക്വാട്ട് ചെയ്തത് 35 ശതമാനം അധികനിരക്കിലാണ്. എന്നാൽ 23.07.2010-ലെ ടെണ്ടർ കമ്മിറ്റി 24 ശതമാനം അധിക നിരക്കും 28.02.2011-ലെ ടെണ്ടർ കമ്മിറ്റി 25 ശതമാനം അധികനിരക്കും ശുപാർശ ചെയ്തിരുന്നുവെങ്കിലും കരാറുകാരൻ പണി ഏറ്റെടുക്കാൻ തയ്യാറായില്ല. 15.12.2011-ൽ ചേർന്ന ടെണ്ടർ കമ്മിറ്റി 35 ശതമാനം അധിക നിരക്ക് അനുവദിക്കുകയും 24.04.2012-ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്യുകയും ചെയ്തു. കാന നിർമ്മാണവും കലുങ്കുകളുടെ പുനർനിർമ്മാണവും എക്സ്റ്റെൻഷൻ പ്രവൃത്തികളും പൂർത്തീകരിച്ചെങ്കിലും ഈ ഭാഗത്തുകൂടി കടന്നുപോകുന്ന വാട്ടർ അതോറിറ്റിയുടെ മെയിൻ പമ്പിംഗ് ലൈൻ ഇടയ്ക്കിടെ പൊട്ടുകയും റോഡ് തകരുന്ന അവസ്ഥയും ഉണ്ടായിരുന്നതിനാൽ റോഡ് പുനരുദ്ധാരണപ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ നിർവ്വാഹമുണ്ടായിരുന്നില്ല. ഈ പൈപ്പ് ലൈനുകൾ മാറ്റിക്കിട്ടിയത് 21.05.2014-ലും വാട്ടർ അതോറിറ്റി പൊതുമരാമത്തുവകുപ്പിന് നൽകേണ്ട റെസ്റ്റോറേഷൻ തുക നൽകിയത് 19.11.2014-ലുമാണ്. കൂടാതെ ഈ റോഡിൽ നിന്നിരുന്ന ഇലക്ട്രിക്

പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ കരാറുകാരൻ കെ.എസ്.ഇ.ബി.-ക്ക് ആവശ്യമായ തുക അടച്ചിരുന്നുവെങ്കിലും ഇവ മാറ്റിയത് 28.05.2014-ലാണ്. മേൽ കാരണംകൊണ്ട് കരാറുകാരന് മുഴുവൻ പ്രവൃത്തികളും യഥാസമയം പൂർത്തിയാക്കാൻ സാധിച്ചില്ല. പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരൻ 31.05.2015-വരെ സമയം നീട്ടിചോദിക്കുകയും അത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 31.01.2015-ന് മുമ്പുതന്നെ പണി പൂർത്തിയാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.